# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ഞാറയ്ക്കൽ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-ഇ.കെ.എം(പി3)103/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 11/04/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഞാറയ്ക്കൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഞാറയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഞാറയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-ഇ.കെ.എം(പി3)103/23 തീയ്യതി: 11/04/2023

## എറണാകുളം ജില്ലയിലെ ഞാറയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ഞാറയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 24-01-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ബിന്ദു എസ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 16-01-2023 | 24-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 16-01-2023 | 24-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ റ്റി ഒ പോളി ,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീ ധീരജ് ജെ.ഓഡിറ്റ് ഓഫീസർ
ശ്രീ സജീവ്.എൻ.എം,അസിസ്റ്റന്റ് ഓഡിറ്റ് ഓഫിസർ
ശ്രീമതി ബെറ്റ്സി.സി.എക്സ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ പ്രാൻസിസ്.റ്റി.റ്റി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി റുബീന.കെ.എച്ച് | സെക്രട്ടറി | 01-04-2021 | 30-04-2021 |
| ശ്രീമതി സീന | സെക്രട്ടറി | 01-05-2021 | 05-07-2021 |
| ശ്രീ ദിമിത്രോവ്.കെ.ജി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-07-2021 | 15-08-2022 |
| ശ്രീമതി സീന | സെക്രട്ടറി | 16-08-2021 | 01-10-2021 |
| ശ്രീ ദിമിത്രോവ്.കെ.ജി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-10-2021 | 31-10-2021 |
| ശ്രീ ഉമേഷ്.ജി | സെക്രട്ടറി | 01-11-2021 | 13-12-2021 |
| ശ്രീ ദിമിത്രോവ്.കെ.ജി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 14-12-2021 | 19-01-2022 |
| ശ്രീമതി ഗായത്രി.എം.വി | സെക്രട്ടറി | 20-01-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ദിമിത്രോവ്.കെ.ജി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി ആഞ്ചല സിറിയക്ക് | കൃഷി ഓഫിസർ | 01-04-2021 | 31-03-2022 |
| ശ്രീമതി ധന്യ പുരുഷോത്തമൻ | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി അനില | അസിസ്റ്റൻറ് എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| ഡോ മേഴ്സി | മെഡിക്കൽ ഓഫിസർ ഹോമിയോ | 01-04-2021 | 14-12-2021 |
| ഡോ ശാന്താറാം | മെഡിക്കൽ ഓഫിസർ ഹോമിയോ | 15-12-2021 | 31-03-2022 |
| ഡോ ശ്രീകുമാരി | മെഡിക്കൽ ഓഫീസർ.പി.എച്ച്.സി | 01-04-2021 | 31-03-2022 |
| ഡോ സ്മിത.ആർ | മെഡിക്കൽ ഓഫീസർ.ആയുർവേദം | 01-04-2021 | 31-03-2022 |
| ശ്രീ ജോസഫ്.കെ.വി | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ശ്രീമതി ബിന്ദുജ | ഡയറി ഡവലപ്മെന്റ് ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി മറിയാമ്മ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീമതി സീതാലക്ഷ്മി | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |

-

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷിക കണക്കുകൾ - അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | ദേശീയഗ്രാമീണതൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | ഓഡിറ്റ് ഇംപാക്ട് | 1-11 |
| 13 | തൊഴിൽനികുതി ഈടാക്കിയിട്ടില്ല. | 1-12 |
| 14 | വസ്തുനികുതി അപാകതകൾ- | 1-13 |
| 15 | വാടക കുടിശ്ശിക നിലനിൽക്കുന്നു -രൂ.1,52,604/- | 1-14 |
| 16 | മെഡിക്കൽ ഓഫീസർ, ഹോമിയോ നടപ്പിലാക്കിയ പ്രോജക്ട് - മരുന്ന് ലഭ്യമായിട്ടില്ല. | 1-15 |
| 17 | സീഷോർ ലിങ്ക് റോഡ് - എസ്റ്റിമേറ്റ് റിവൈസ് ചെയ്യാതെ പ്രവൃത്തി ചെയ്തത് | 1-16 |
| 18 | സീഷോർ കോളനി റോഡ് സൈഡ് പ്രൊട്ടക്ഷൻ - പ്രവൃത്തി ചെയ്തത് വ്യക്തമല്ല. | 1-17 |
| 19 | ഗുണഭോക്താക്കളുടെ മരണശേഷവും തുകകൾ അക്കൗണ്ടിൽ നിക്ഷേപിച്ചു | 1-18 |
| 20 | കുടിവെള്ള വിതരണ പദ്ധതി നിർവ്വഹണത്തിൽ ന്യൂനതകൾ. | 1-19 |
| 21 | കാരുണ്യസ്പർശം - ഡയാലിസിസ് തുടർ ചികിത്സ പദ്ധതി - വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. | 1-20 |
| 22 | വിനിയോഗ വിവരം (ഐകെഎം) ലഭ്യമാക്കിയിട്ടില്ല. | 1-21 |
| 23 | എസ്.എസ്.കെ. പദ്ധതി - വിനിയോഗ വിവരങ്ങൾ ലഭ്യമല്ല. | 1-22 |
| 24 | സ്ട്രീറ്റ് ടാപ്പുകളുടെ വാട്ടർ ചാർജ് അടവാക്കിയിട്ടില്ല, സംയുക്ത പരിശോധന നടത്തിയിട്ടില്ല. | 1-23 |
| 25 | സ്കൂങ്ങ്ത്തനിങ്ങ് ഓഫ് ഏർലി ഇന്റർവെൻഷൻ സെന്റർ പദ്ധതി-രസീതും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയില്ല. | 1-24 |
| 26 | ജില്ലാ പഞ്ചായത്ത്- കുട്ടികൾക്കായുള്ള ജില്ല വെബ് പോർട്ടൽ പദ്ധതി - | 1-25 |

| | | |
|---|---|---|
| | പൂർത്തീകരണ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. | |
| 27 | കമ്പ്യൂട്ടർ, യുപിഎസ് വാങ്ങിയതിന്റെ വിശദാംശങ്ങളില്ല. | 1-26 |
| 28 | 'സിഡ്കോ' നിർമ്മിക്കാത്ത ഫർണിച്ചറുകൾ ക്വട്ടേഷൻ /ടെണ്ടർ ഇല്ലാതെ നേരിട്ട് വാങ്ങി. | 1-27 |
| 29 | ഘടക സ്ഥാപനങ്ങൾക്ക് നൽകിയ തുകകളുടെ ചെലവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. | 1-28 |
| 30 | ഡോമിസിലറി കെയർ സെന്റർ പ്രവർത്തന ചെലവ് – രേഖകൾ ലഭ്യമാക്കിയില്ല. | 1-29 |
| 31 | തെരുവ് വിളക്ക് പരിപാലനം- പദ്ധതി നിർവ്വഹണത്തിൽ അപാകങ്ങൾ. | 1-30 |
| 32 | കുടിവെള്ള വിതരണം - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ പ്രവൃത്തി നടപ്പാക്കി. | 1-31 |
| 33 | പ്രൊക്യൂർമെന്റ് കമ്മറ്റി പ്രവർത്തനം തൃപ്തികരമല്ല. | 1-32 |
| 34 | പത്രപരസ്യം-കിഴിവ് ലഭിച്ചിട്ടില്ല | 1-33 |
| 35 | ബയോഫ്ലോക് മത്സ്യകൃഷി-അപാകത | 1-34 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | നിക്ഷേപപ്രവ്യത്തികൾക്ക് നല്കിയ തുകയുടെ വിവരം | 4-2 |
| 3 | സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

06.03.21 തീയതിയിലെ 1/1 തീരുമാനപ്രകാരം ബജറ്റ് അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് - 30.3.2022 തീയതിയിലെ 1/1 തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു.

| | ബജറ്റ് പ്രകാരമുള്ള വരവ് -ചെലവ് കണക്കുകൾ | രസീറ്റ് & പേയ്മെന്റ് പ്രകാരമുള്ള വരവ് -ചെലവ് കണക്കുകൾ | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 7260714 | 16378216 | (+) 9117502 |
| വരവ് | 280413490 | 74453701 | -205959789 |
| ആകെ | 287674204 | 90831917 | -196842287 |
| ചെലവ് | 284269390 | 71881160 | +212388230 |
| നീക്കിയിരിപ്പ് | 3404814 | 18950757 | (+)15545943 |

2021-22 വർഷത്തെ ബജറ്റ് പ്രകാരമുള്ള വരവും ചെലവും യതാർത്ഥ വരവ്-ചെലവുകളുമായി പൊരുത്തപ്പെടുന്നില്ല. ബജറ്റ് തയ്യാറാക്കുമ്പോൾ ഓരോ ഇനം വരവ്-ചെലവുകളും കൃത്യമായ കണക്കാക്കലുകളിലൂടെ തയ്യാറാക്കേണ്ടതാണ്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2022 | 21.06.2022 |

### 1-2-1 വാർഷിക കണക്കുകൾ - അപാകതകൾ

1. ബാങ്ക് ബുക്കും പാസ്സ് ബുക്കും റിക്കൺസിലിയേഷൻ ചെയ്തിട്ടില്ല.

ബാങ്ക് ബുക്ക് പ്രകാരം SBI – Biodiversity (A/c No. 38639943799) – ലെ 31-3-22 -ൽ ബാലൻസ് തുക 2,85,959/- രൂപയാണ്. എന്നാൽ ബാങ്ക് പാസ്സ് ബുക്ക് പ്രകാരം നീക്കിയിരുപ്പ് തുക 4,93,402/- രൂപയാണ്. ഇതിന്റെ ബാങ്ക് റിക്കൺസിലിയേഷൻ ചെയ്തിട്ടില്ല.

2. പഞ്ചായത്തിന്റെ താഴെ പ്പറയുന്ന ബാങ്ക് അക്കൗണ്ടുകൾ, പാസ്സ് ബുക്ക് പ്രകാരം "INOPERATIVE" അക്കൗണ്ടായി കണക്കാക്കിയിരുക്കുന്നു. ഈ അക്കൗണ്ടുകളുടെ ബാങ്ക് സ്റ്റേറ്റ്മെന്റുകൾ ലഭിച്ചിട്ടില്ല. പ്രസ്തുത അക്കൗണ്ടിൽ അവശേഷിക്കുന്ന തുകകൾ പിൻവലിക്കുവാൻ സാധിക്കില്ല.

വിശാദാംശങ്ങൾ താഴെ കൊടുക്കുന്നു

| A/c Code | Bank | Balance Asper Bank Book (31-3-22) | Balance Asper Pass Book Book | Statement Received Upto |
|---|---|---|---|---|
| 450410104 | SBI- Biodiversity Fund | 2,85,959.00 | 4,93,402 | 25-3-22 |
| 450610105 | SBI- BSUP- Housing | 27,73,477.00 | 27,73,477.00 | 25-3- 22 |
| 450410101 | SBI – Hudco A/c | 1,26,915.00 | 1,24,352.00 | 28-3-20 |

പ്രസ്തുത അക്കൗണ്ടുകൾ ആക്ടീവ് ആക്കിമാറ്റുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

3. ബാങ്ക് സ്റ്റേറ്റ്മെന്റ് ഓഡിറ്റിന് ഹാജരാക്കിയില്ല.

| A/c Code | Bank | Balance Asper Bank Book(31-3-22) |
|---|---|---|
| 450610105 | SBI- TSC A/c | 9182.00 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,63,78,216 |
| വരവ് | 7,44,53,701 |

| | |
|---|---|
| ആകെ | 9,08,31,917 |
| ചെലവ് | 7,18,81,160 |
| നീക്കിയിരിപ്പ് | 1,89,50,757 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 19,38,757 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (ACR പ്രകാരം) | ആകെ | ചെലവ് | നീക്കിയിരിപ്പ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) 320200101 | 0 | 13346158 | 13346158 | 13324590 | | 21568 |
| വികസന ഫണ്ട് (SCP) 320200102 | 0 | 9753875 | 9753875 | 6633091 | | 3120784 |
| വികസനഫണ്ട് (TSP) 320200103 | 0 | 9800 | 9800 | 0 | | 9800 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 12032700 | 12032700 | 4079652 | | 7953048 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 5883841 | 5883841 | 3050524 | | 2833317 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied) 320200112 | 0 | 4062436 | 4062436 | 1743734 | 1275927 | 1042775 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied) 320200111 | 0 | 8153040 | 8153040 | 24,12,409 | 2417000 | 3323631 |
| ദുരിതാശ്വാസനിധി 311100101 | 3742 | 10316 | 14058 | 5000 | 9058 | |
| Other Trust Or Agency Funds (Amrutham First Meal) 311710199 | 138547 | 3778 | 142325 | 0 | 142325 | |
| Other Special Funds (For Use Of SC Community) 312100199 | 15000 | 0 | 15000 | 0 | 15000 | |
| BSUP 320100114 | 2699840 | 73637 | 2773477 | | 2773477 | |
| Total Sanitation Campaign 320100115 | 9182 | 0 | 9182 | 0 | 9182 | |
| ICDS 320100121 | 1225806 | 700869 | 1926675 | 1000000 | 926675 | |
| Solid Waste 320100203 | 243543 | 0 | 243543 | 0 | 243543 | |
| HUDCO 320200301 | 124352 | 2563 | 126915 | 0 | 126915 | |
| ശുചിത്വമിഷൻ 320200322 | 2767548 | 160000 | 2927548 | 1000000 | 1927548 | |
| LIFE State Share 320200399 | 0 | 3500000 | 3500000 | 1931000 | 1569000 | |
| ജലനിധി 320300102 | 10000 | 0 | 10000 | 0 | 10000 | |

| | | | | | | |
|---|---|---|---|---|---|---|
| Road Restoration , Vimukthi 320300199 | 1921452 | 0 | 1921452 | 1602837 | 318615 | |
| CHIAK 320400199 | 9776 | 0 | 9776 | 0 | 9776 | |
| Asraya 320500101 | 240267 | 0 | 240267 | 0 | 240267 | |
| Library Grant 320200308 | 0 | 23520 | 23520 | 23520 | 0 | |

വികസനഫണ്ട് (ജനറൽ) – 1620842/- രൂപ G O പ്രൊജക്റ്റ് ചെലവ്

1) LIFE -മുതൽ തിരിച്ചടവ് – 613442 /-

2) അങ്കണവാടി ജീവനക്കാരുടെ പ്രതിഫലയിനത്തിൽ ഈടാക്കുന്ന തുക -1007400 /-

വികസനഫണ്ട് (SCP) – 105225/- G O പ്രൊജക്റ്റ് ചെലവ് (LIFE -മുതൽ തിരിച്ചടവ് )

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർത്തീകരിച്ചത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 188 | 100028259 | 65 | 44736784 | 61 | 62 | 34.57 |

## 1-6 ദേശീയഗ്രാമീണതൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവ് | 30 | 678651 | 678681 | 384000 | 294681 |
| കൂലിചെലവ് | 0 | 14075634 | 14075634 | 14075634 | 0 |
| ആകെ | 30 | 14754285 | 14754315 | 14459634 | 294681 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 1990400 | 115 |
| വിധവാപെൻഷൻ | 15583700 | 1018 |
| വാർദ്ധക്യകാലപെൻഷൻ | 33228800 | 2462 |
| വികലാംഗപെൻഷൻ | 3986800 | 260 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 150000 | 05 |
| അവിവാഹിതരായ 50ന് മുകളിലുള്ളവരുടെ ധന സഹായം | 1473000 | 94 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.01.2023 അസി.സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4665/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ചുവടെ ചേർത്ത അപാകതകൾ പരിഹരിക്കേണ്ടതാണ്.

1. രജിസ്റ്ററുകളും ചെലവുരേഖകളും തൃപ്തികരമായ രീതിയിലല്ല സൂക്ഷിച്ചു പോരുന്നത്.

2. ചരക്കുകളുടേയും സേവനങ്ങളുടേയും വാർഷിക വാങ്ങലുകൾ വാർഷികാവശ്യം പരിഗണിച്ച് തിട്ടപ്പെടുത്തപ്പെടുന്നില്ല.

3. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.

4. വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.

5. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

6. തൊഴിൽനികുതി, ലൈസൻസ് എന്നിവയ്ക്കായി സ്ഥാപന രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. തൊഴിൽ നികുതി കാര്യക്ഷമമായി പിരിച്ചെടുക്കേണ്ടതാണ്.

7. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.
8. ബാങ്ക് ബുക്കും പാസ്സ് ബുക്കും റിക്കൺസിലിയേഷൻ ചെയ്ത് സൂക്ഷിക്കേണ്ടതാണ്.

9. തെരുവ് വിളക്ക് സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
10. റദ്ദ് ചെയ്യുന്ന രസീതുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. രസീത് ബുക്കുകളിൽ എണ്ണൽ സാക്ഷ്യപത്രം രേഖപ്പെടുത്തുന്നില്ല.

11. ക്യാൻസൽ ചെയ്ത രസീതുകളിൽ ക്യാൻസൽ ചെയ്തതിന്റെ കാരണം രേഖപ്പെടുത്തുന്നില്ല.
12. വാടക പിരിവ് കൃത്യമാക്കി കുടിശ്ശിക വരുത്താതെ പിരിച്ചെടുക്കേണ്ടതാണ്.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20/10/2022 | 2021-22 | റിപ്പോർട്ട് ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 1/02/2016 | 2010-11 To 2014-15 | 11/03/2016 |

## 1-11 ഓഡിറ്റ് ഇംപാക്ട്

തൊഴിൽ നികുതി അടവാക്കാത്തത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.1/20.01.2023) നൽകിയതിനേത്തുടർന്ന് തൊഴിൽ നികുതി പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്ക് വരുത്തിയതിന്റെ വിശദവിവരങ്ങൾ താഴെക്കൊടുക്കുന്നു.

| | അടവാക്കിയ തുക | രസീത് നം./തീയതി |
|---|---|---|
| പാലിയേറ്റീവ് കെയർ നഴ്സ് (ജെൻസി എം.വി.) | 2000 | 1220104633 /23.01.2023 |
| ആകെ | 2000 | |

## 1-12 തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204(1)(ii)എ(i) പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകും. എന്നാൽ താഴെപ്പറയുന്നവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1. ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം 2021-22 സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന കരാറുകാർ തൊഴിൽ ചെയ്തിട്ടുണ്ട്. എന്നാൽ ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഇതിനോടനുബന്ധിച്ച് കൊടുത്ത എൻക്വയറിക്ക് (നം.1, തീയതി 20.01.2023) മറുപടിയായി കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

| ക്രമ നം. | കരാറുകാരന്റെ പേര് |
|---|---|

| | |
|---|---|
| 1. | ഹരിലാൽ എ.എസ്. |
| 2. | രാജീവൻ പി.പി. |
| 3. | സന്തീപ് |
| 4. | ജോബി കെ.എസ്. |
| 5. | പി.ആർ. സാബു |
| 6. | സന്തോഷ് എ.റ്റി. |
| 7. | ഗൗതമം കൃഷ്ണ എ.എസ്. |
| 8. | സാബു എം.ഡി. |
| 9. | ബിജു വി.പി. |
| 10. | ജിതിൻ കെ.എം. |
| 11. | മനോജ്കുമാർ സി.എം. |
| 12. | ജീസ്മോൻ എം.എ. |
| 13. | സിൻസൻ ജോസഫ്. |
| 14. | ജോളി കെ എസ്. |

കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.
2. താഴെപ്പറഞ്ഞിരിക്കുന്ന സ്ഥാപനങ്ങളിൽ, ലൈസൻസ് ലഭിക്കുന്നതിന് സ്ഥാപനം തന്നെ നൽകിയിട്ടുള്ള വിവരങ്ങൾ പ്രകാരം, രണ്ടോ അതിലധികമോ പേർ തൊഴിലെടുക്കുന്നു. എന്നാൽ ഇവരിൽ നിന്നും 2021-22 സാമ്പത്തിക വർഷം തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | ലൈസൻസ് നം. | സ്ഥാപനം |
|---|---|---|
| 1. | 2768/21 | ആർ.സി. പ്രൊസ്സസ്സേഴ്സ്, വി.പി. റോഡ് |
| 2. | 247/21 | ക്ളബ് കാന്റീൻ, മജസ്റ്റിക്ക് തീയറ്റർ,ഞാറയ്ക്കൽ |
| 3. | 1807/21 | ക്രിസ് മരിയഫുഡ് പാക്കേഴ്സ്, വി.പി. റോഡ് |
| 4. | 2750/21 | മെന്റസ് വുഡ് ക്രാഫ്റ്റ്, ഞാറയ്ക്കൽ |
| 5. | 2864/21 | പി.ജെ. മാർക്കറ്റിംഗ്, ഇല്ലത്ത് റോഡ് |
| 6. | 1410/21 | ഫൈൻ വിഷൻ കെയർ കമ്പനി ലിമിറ്റഡ്, ഞാറയ്ക്കൽ |
| 7. | 2118/21 | എം.കെ.എൽ.ഏജൻസി, ഞാറയ്ക്കൽ |
| 8. | 1734/21 | ജോസഫ് ജെ. വയലാട്ട് പീലിംഗ് ഷെഡ് |
| 9. | 1575/21 | പവർടെക്ക് ഹെൽത്ത് ക്ളബ്,ഞാറയ്ക്കൽ |
| 10 | 1769/21 | പി.എൽ പ്രന്റേഴ്സ് , കോൺവെന്റ് റോഡ് |
| 11. | 2146/21 | മുത്തൂറ്റ് ഹോണ്ട, ഞാറയ്ക്കൽ (രണ്ടാം അർദ്ധവർഷം) |
| 12. | 2315/21 | വിവിഡ് ലൈഫ് ലൈൻ ലാബ്, വി.പി. റോഡ് |
| 13. | 1990/21 | സ്റ്റെർവോ പെരുമ്പിള്ളി റോഡ്, ഞാറയ്ക്കൽ. |
| 14. | 3555/21 | ഹലോ ബ്യൂട്ടിക്ക്, ഞാറയ്ക്കൽ. |
| 15. | 2224/21 | ജെ.ബി. ഏജൻസീസ്, ഞാറയ്ക്കൽ. |
| 16. | 2701/21 | വർക്കി ബേക്കേഴ്സ്, ഞാറയ്ക്കൽ. |
| 17 | 3617/21 | എ.പി.ഡി. & കമ്പനി, ഞാറയ്ക്കൽ. |
| 18. | 2569/21 | സഹകരണ മെഡിക്കൽ സ്റ്റോർ, ഞാറയ്ക്കൽ. |

| | | |
|---|---|---|
| 19. | 3661/21 | സി.സി. പ്രസ്സ്, ഞാറയ്ക്കൽ. |
| 20. | 1849/21 | ഇന്ത്യൻ ബേക്കറി, ബേക്കിംഗ് യൂണിറ്റ്, ഞാറയ്ക്കൽ. |

മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ തൊഴിൽനികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 1-13 വസ്തുനികുതി അപാകതകൾ-

വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ എന്ന ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് 60രൂപ/ച.മീറ്ററാണ് വസ്തുനികുതി നിരക്കായി ഞാറയ്ക്കൽ ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിരിക്കുന്നത്. ലൈസൻസ് രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് സൂപ്പർമാർക്കറ്റിനുള്ള ലൈസൻസാണ് നൽകിയിരിക്കുന്നത്. എന്നാൽ സഞ്ചയയിൽ "ഷോപ്പ് "എന്ന ഉപയോഗക്രമമനുസരിച്ചുള്ള 30രൂപ/ച.മീ നിരക്കാണ് വസ്തു നികുതിയായി ഈടാക്കിയിരിക്കുന്നത്. ഇതിനോടനുബന്ധിച്ച് എൻക്വയറി (നം.2/20.01.2023) കൊടുത്തെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

| ക്രമനം. | കെട്ടിട നം./ഉടമയുടെ പേര് | തറ വിസ്തീർണ്ണം (ച.മീ) | ഈടാക്കിയ നികുതി നിരക്ക് | ഈടാക്കേണ്ടിയിരുന്ന നികുതി നിരക്ക് |
|---|---|---|---|---|
| 1. | 12/309b ജോർജ്ജ് സേവ്യർ റോഷൻ | 83.45 താഴത്തെ നില<br>20 ച.മീ. മുകളിലെ നില | 30 | 60 |
| 2. | 11/173 പ്രസിഡന്റ്, പെരുമ്പിള്ളി കോ-ഓപ്പറേറ്റീവ് സൊസൈറ്റി. | 16 | 30 | 60 |
| | 11/174 പ്രസിഡന്റ്, പെരുമ്പിള്ളി കോ-ഓപ്പറേറ്റീവ് സൊസൈറ്റി. | 34.03 | 30 | 60 |

മുകളിൽ സൂചിപ്പിച്ചിരിക്കുന്ന കെട്ടിടങ്ങളെ ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിരിക്കുന്ന, അവയുൾപ്പെടുന്ന ശരിയായ നിരക്കിലുള്ള വിഭാഗത്തിൽപ്പെടുത്തി, വസ്തുനികുതിനിരക്ക് പുതുക്കി നിശ്ചയിച്ച്, ലൈസൻസ് രജിസ്റ്റർ പ്രകാരം സൂപ്പർമാർക്കറ്റ് എന്ന പ്രാബല്യ കാലയളവ് മുതലുള്ള തുക കുടിശ്ശികയായി ഈടാക്കി, പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുവാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

## 1-14 വാടക കുടിശ്ശിക നിലനിൽക്കുന്നു -രൂ.1,52,604/-

ഞാറയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ വാടക രജിസ്റ്റർ പ്രകാരം, പഞ്ചായത്തിന്റെ അധീനതയിലുള്ള, താഴെപ്പറയുന്ന കെട്ടിടത്തിന്റെ വാടക കുടിശ്ശിക 1,52,604/-രൂപ ഈടാക്കിയിട്ടില്ല.

| ക്രമ നം. | കെട്ടിട നം. | വാടകക്കാരന്റെ പേരുവിവരം | വാടക തുക(രൂ) (പ്രതിമാസം) | വാടക കുടിശ്ശിക തുക |
|---|---|---|---|---|
| 1. | 15/426,<br>15/433,<br>ഈ കെട്ടിടങ്ങളോട് ചേർന്നുള്ള 128.2 ച.മീ. സ്ഥലത്തിന്റേയും കൂടിയുള്ള വാടക | എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.എസ്.ഇ.ബി.,<br>മട്ടാഞ്ചേരി. (കെ.എസ്.ഇ.ബി., ഞാറയ്ക്കൽ സെക്ഷൻ.) | 8478/- | 1,52,604/-<br>(8478 X 18)<br>2020 ഒക്ടോബർ മുതൽ 2022 മാർച്ച് വരെ. |

അപാകതകൾ

1. പഞ്ചായത്ത്, കെ.എസ്.ഇ.ബി-യുമായി 23.10.2017-ൽ 3 വർഷ കാലയളവിലേക്കായി വാടക കരാറിലേർപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ 3 വർഷ കാലാവധിക്കുശേഷം കരാർ പുതുക്കിയിട്ടില്ല. കെ.എസ്.ഇ.ബി-യുമായുള്ള വാടക കരാർ പുതുക്കി അറിയിക്കേണ്ടതാണ്.

2. ഞാറയ്ക്കൽ ഗ്രാമപഞ്ചായത്ത് വക കടമുറികൾ വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ചുള്ള ബൈലോ രൂപീകരിച്ചിട്ടില്ല. ആയത് രൂപീകരിച്ച് അറിയിക്കേണ്ടതാണ് (2005 ലെ കേരള പഞ്ചായത്ത്‌രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ, ചട്ടം7(1).

4. വാടക രജിസ്റ്റർ പൂർണ്ണമായ വിവരങ്ങൾ (വാടക കെട്ടിട നമ്പർ, മാസവാടക, തീയതി മുതലായവ) രേഖപ്പെടുത്തി എഴുതി സൂക്ഷിക്കേണ്ടതാണ്.

മേൽ അപാകതകൾ സംബന്ധിച്ച് എൻക്വയറി (നം.5/20.01.2023)നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ സൂചിത കെട്ടിടത്തിന്റെ, വാടക കുടിശ്ശികയായി നിലനിൽക്കുന്ന 1,52,604/-രൂപ പിഴപ്പലിശ സഹിതം ഈടാക്കി, പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്തി, രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

## 1-15 മെഡിക്കൽ ഓഫീസർ, ഹോമിയോ നടപ്പിലാക്കിയ പ്രോജക്ട് - മരുന്ന് ലഭ്യമായിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നടപ്പിലാക്കിയ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ. |
| പ്രോജക്ട് നം. | 8/21-22 |
| ബിൽ നം./തീയതി | 1/21-22തീയതി 23/02/2022 |
| പ്രോജക്ടിന്റെ പേര് | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ. |
| ആകെ പദ്ധതി അടങ്കൽ | രൂ.2,50,000/-മെയിന്റനൻസ്ഫണ്ട്(റോഡിതരം) |
| ആകെ പദ്ധതി ചെലവ് | രൂ.2,50,000/- (1/2021-22 / 23.02.2022) |

മെഡിക്കൽ ഓഫീസർ, ഹോമിയോ 2021-22 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ ഈ പദ്ധതിയിൽ 2,50,000/- രൂപ ഹോംകോയിൽ നിന്നും മരുന്ന് വാങ്ങുന്നതിനായി ചെലവഴിച്ചു. എന്നാൽ ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് ഇതുവരെ ലഭിച്ചിട്ടില്ല. ഇതിനോടനുബന്ധിച്ച് എൻക്വയറി (നം.6 തീയതി 20.01.2023) കൊടുത്തെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മരുന്ന് ലഭിക്കുമ്പോൾ ആയതിന്റെ ഇൻവോയ്സും സ്റ്റോക്ക് രജിസ്റ്ററും ഓഡിറ്റിനായി ഹാജരാക്കേണ്ടതാണ്. അതുവരെ 2,50,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-16 സീഷോർ ലിങ്ക് റോഡ് - എസ്റ്റിമേറ്റ് റിവൈസ് ചെയ്യാതെ പ്രവൃത്തി ചെയ്തത്

| | |
|---|---|
| പ്രവൃത്തി | സീഷോർ ലിങ്ക് റോഡ് മെച്ചപ്പെടുത്തൽ |
| പ്രൊജക്ട് | 198/22 |
| എസ്റ്റിമേറ്റ് | 4,73,724/- |
| കരാറുകാരൻ | എ ടി സന്തോഷ് |
| എം. ബുക്ക്. | 155/20-21 |
| Agreement | 8/AE/LSGD Dated 23/7/20 |
| ആകെ ചെലവ് | 372107/-<br>(ബിൽ നമ്പർ/തീയതി-395/29.03.21-224551/-<br>78/08.11.21-147556/-) |

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം ഈ റോഡ് 54 മീറ്റർ നീളത്തിൽ 2 മീറ്റർ വീതിയിൽ കരിങ്കല്ല് വിരിച്ച് അതിന് മുകളിൽ മണ്ണ് ഫില്ലിംഗ് ചെയ്ത് വീണ്ടും അതിന് മുകളിൽ ക്വാറിമക്ക് ഫില്ലിംഗ് ചെയ്ത് കോൺക്രീറ്റിംഗ് ചെയ്യുന്നതിനും റോഡിന്റെ പടിഞ്ഞാറ് വശം 5 മീറ്റർ നീളത്തിൽ പാർശ്വഭിത്തി നിർമ്മിക്കുകയുമാണ് ചെയ്യേണ്ടത്. എന്നാൽ ഈ റോഡിൽ കോൺക്രീറ്റിംഗ് ഒഴിവാക്കി എസ്റ്റിമേറ്റ് പ്രകാരമുള്ള ഫില്ലിംഗ് മാത്രമാണ് ചെയ്തത്. കരിങ്കല്ല് വിരിച്ചതിന് 32.4 $M^3$ X 2281.46/$m^3$ = 73,919.30/- രൂപയും മണ്ണ് ഫില്ലിംഗ് ചെയ്തതിന് 89.60$m^3$ X 952.22/$m^3$ = 85318/- രൂപയും ക്വാറിമക്ക് ഫില്ലിംഗ് ചെയ്തതിന് 15.12 $M^3$ X 1595.81/$m^3$ = 24,128/- രൂപയും നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരം 5 മീറ്റർ നീളത്തിൽ പാർശ്വഭിത്തി നിർമ്മിക്കുകയുമാണ് ചെയ്യേണ്ടത് എങ്കിലും 32.6 മീറ്റർ നീളത്തിൽ സംരക്ഷണ ഭിത്തി നിർമ്മിച്ചിട്ടുണ്ട്. ഇപ്രകാരം സംരക്ഷണ ഭിത്തി നിർമ്മിച്ചതിന് 1,48,871/- രൂപ ചെലവഴിച്ചിട്ടുണ്ട്. 5 മീറ്റർ നീളത്തിൽ പാർശ്വഭിത്തി നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തുക 16,637/- രൂപയാണ്.

ഈ പ്രവൃത്തി 5/3/2021 – ൽ പൂർത്തിയാക്കി എസ്റ്റിമേറ്റ് അളവിൽ ലിമിറ്റ് ചെയ്ത് ഫസ്റ്റ് & ഫൈനൽ ബില്ല് നൽകിയതാണ്. ഇത് പ്രകാരം ആകെ തുക 2,24,551/- (Bill No. 395, 29-3-21) രൂപ നൽകുകയും ചെയ്തു. എന്നാൽ പിന്നീട് ഫസ്റ്റ് & ഫൈനൽ ബില്ല് എന്നത് വെട്ടി തിരുത്തി ഫസ്റ്റ് & പാർട്ട് ബില്ല് എന്നാക്കുകയും സെക്കന്റ് & ഫൈനൽ ബില്ല് തയ്യാറാക്കി എസ്റ്റിമേറ്റിലും അധികം ചെയ്ത പ്രവൃത്തിക്ക് തുക നൽകുകയും ചെയ്തു. സെക്കന്റ് & ഫൈനൽ ബില്ല് പ്രകാരം 1,47,556/- രൂപ നൽകിയിട്ടുണ്ട്. (Bill No. 78/11/2021)

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യാൻ തീരുമാനിക്കുന്നത് 25/8-21 – ലെ 7(9) തീരുമാനം പ്രകാരമാണ്. അതായത് പ്രവൃത്തി പൂർത്തിയാക്കി 6 മാസം കഴിഞ്ഞാണ് എസ്റ്റിമേറ്റ് റിവൈസ് ചെയ്യാൻ തീരുമാനിക്കുന്നത്.

മറ്റ് അപാകതകൾ താഴെ ചേർക്കുന്നു.

1. റോഡിൽ കരിങ്കല്ല് വിരിച്ചാൽ റോഡ് പെട്ടെന്ന് കേടാവാൻ സാധ്യതയുള്ളതിനാൽ കരിങ്കല്ല് വിരി ഒഴിവാക്കാൻ സർക്കാർ ഉത്തരവ് നിലനിൽക്കേ കരിങ്കല്ല് വിരിച്ചതിന്റെ കാരണം വ്യക്തമല്ല.

2. ഫയലിൽ റോഡിന്റെ പ്ലാൻ ഉണ്ടെങ്കിലും ചെയിനേജ് ലഭ്യമല്ല. ആയതിനാൽ പ്രവൃത്തി ചെയ്തത് എവിടെയാണ് എന്ന് വ്യക്തമല്ല.

3. റോഡ് കോൺക്രീറ്റിംഗ് ചെയ്യുന്നതിന് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടും അത് ഒഴിവാക്കാനുള്ള കാരണം വ്യക്തമല്ല. അതായത് ഈ റോഡ് ക്വാറി മക്ക് വിരിച്ചതിനുശേഷം ചെയ്യാതെ കിടക്കുന്നു.

4. പഞ്ചായത്തിന്റെ അനുമതി വാങ്ങാതെ സംരക്ഷഭിത്തി അധികമായി പണിയുകയും കോൺക്രീറ്റിംഗ് ഒഴിവാക്കുകയും ചെയ്തത് അംഗീകരിക്കാനാകില്ല. അതായത് പ്രവൃത്തി പൂർത്തിയാക്കി 6 മാസം കഴിഞ്ഞാണ് എസ്റ്റിമേറ്റ് റിവൈസ് ചെയ്യാൻ തീരുമാനിക്കുന്നത്. ആയത് അംഗീകരിക്കാനാകില്ല.

ഓഡിറ്റ് എൻക്വയറിക്കുള്ള (Enq. No. 3) മറുപടിയിൽ ഈ റോഡ് ചെളി നിറഞ്ഞതും വെള്ളക്കെട്ട് പ്രദേശവും ആണ്. ആയതിനാലാണ് കരിങ്കൽ വിരിച്ചത് എന്നും എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനുള്ള കമ്മിറ്റിയുടെ അംഗീകാരം കിട്ടിയതിനുശേഷമാണ് അധികമായി ചെയ്തിട്ടുള്ള പ്രവൃത്തിയുടെ തുക നൽകിയതും എന്നും വ്യക്തമാക്കിയിട്ടുണ്ട്.

മറുപടി അംഗീകരിക്കുന്നില്ല. പഞ്ചായത്തിന്റെ അനുമതി വാങ്ങാതെ സംരക്ഷഭിത്തി അധികമായി പണിയുകയും കോൺക്രീറ്റിംഗ് ഒഴിവാക്കുകയും ചെയ്തത് അംഗീകരിക്കാനാകില്ല. ആയതിനാൽ പദ്ധതിയുടെ ചെലവ് തുക 372107/-രൂപ തടസ്സപ്പെടുത്തുന്നു.

1-17 സീഷോർ കോളനി റോഡ് സൈഡ് പ്രൊട്ടക്ഷൻ - പ്രവൃത്തി ചെയ്തത് വ്യക്തമല്ല.

| | |
|---|---|
| പ്രവൃത്തി | സീഷോർ കോളനി<br>റോഡ് സൈഡ് പ്രൊട്ടക്ഷൻ |
| പ്രൊജക്ട് | 173/22 |
| എസ്റ്റിമേറ്റ് | 7,68,940/- |
| കരാറുകാരൻ | എ ടി സന്തോഷ് |
| എം. ബുക്ക്. | 173/20-21 |
| ആകെ ചെലവ് | 767940/- (Bill No. 348, 27/3/22 Rs. 2,21,500/-<br>Bill No. 19, 21/06/22 Rs. 5,46,440/-) |

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം 70 മീറ്റർ റോഡ് ഗ്രേഡിംഗ് മെറ്റീരിയൽ ഉപയോഗിച്ച് സബ് ബേസ് ചെയ്ത് അത്രയും നീളത്തിൽ കട്ട വിരിക്കുന്നതിനും കൂടാതെ നിലവിൽ കേടുവന്ന 70 മീറ്റർ നീളത്തിലും ഒരു മീറ്റർ ഉയരത്തിലുമുള്ള സംരക്ഷണ ഭിത്തി ഫൗണ്ടേഷൻ പൊളിച്ച് അവിടെ അതേ നീളത്തിൽ 1.5 മീറ്റർ ഉയരത്തിൽ നിർമ്മിക്കുകയും കേടുവന്ന കൽവർട്ട് സ്ലാബ് പുതുക്കി പണിയുകയുമാണ് പ്രവൃത്തി.

എസ്റ്റിമേറ്റ് പ്രകാരം 70 മീറ്റർ റോഡ് ഗ്രേഡിംഗ് മെറ്റീരിയൽ ഉപയോഗിച്ച് സബ് ബേസ് ചെയ്ത് അത്രയും നീളത്തിൽ കട്ട വിരിക്കുകയാണ് ചെയ്യേണ്ടത് എങ്കിലും എംബുക്ക് പ്രകാരം 101 മീറ്റർ റോഡ് സബ് ബേസ് ചെയ്ത് റോഡ് കട്ട വിരിച്ചിട്ടുണ്ട്. എസ്റ്റിമേറ്റിൽ ഉൾപ്പെട്ട കൽവർട്ട് സ്ലാബ് പുതുക്കി പണിയുന്ന പ്രവൃത്തി ഒഴിവാക്കിയിട്ടുണ്ട്. പ്രവൃത്തി എസ്റ്റിമേറ്റ് പ്രകാരം 70 മീറ്റർ സംരക്ഷണ ഭിത്തിയാണ് പൊളിക്കേണ്ടതെങ്കിലും 35 മീറ്റർ റോഡ് മാത്രമാണ് പൊളിച്ച് മാറ്റിയത് (35 X 0.50 X 1.10 = 19.25m$^3$).
സംരക്ഷണ ഭിത്തിയുടെ ഫൗണ്ടേഷൻ 55 മീറ്റർ നീളത്തിൽ നിർമ്മിക്കുകയും (42.12 X 0.8 X 0.4 = 13.34m$^3$ ( With Dept Stone) 12.88 X 0.8 X 0.4 = 4.12m$^3$ ) എന്നാൽ സൂപ്പർ സ്ട്രക്ചർ DR 93.35 മീറ്റർ നീളത്തിൽ 0.95 മീറ്റർ ഉയരത്തിലും അതിന് മുകളിൽ 97.35 മീറ്റർ നീളത്തിൽ 0.30 മീറ്റർ ഉയരത്തിലും ആണ് പണിതിട്ടുള്ളത്.

അപാകതകൾ

1. 70 മീറ്റർ നീളത്തിൽ സംരക്ഷണ ഭിത്തി പൊളിച്ചാണ് പുതിയത് നിർമ്മിക്കേണ്ടത് . എന്നാൽ 35 മീറ്റർ നീളത്തിൽ മാത്രമാണ് പൊളിച്ചത്. അതായത് 35 മീറ്റർ ഉൾപ്പെടെ 55 മീറ്റർ നീളത്തിലാണ് പുതുയതായി സംരക്ഷണ ഭിത്തിയുടെ ഫൗണ്ടേഷൻ പണിതത്. എന്നാൽ 93.35 മീറ്റർ നീളത്തിൽ സൂപ്പർ സ്ട്രക്ചർ

പണിതിട്ടുമുണ്ട്. അധികമായി 38.35 മീറ്റർ നീളത്തിൽ സൂപ്പർ സ്ട്രക്ച്ചർ പണിതിട്ടുണ്ട്. അതായത് നിലവിലുള്ള സംരക്ഷണ ഭിത്തി പൊളിച്ച് മാറ്റാതെ അത് വീണ്ടും പണിതതായി കാണിച്ചിരിക്കുന്നു.
2. എസ്റ്റിമേറ്റ് പ്രകാരമുള്ള കൽവർട്ട് സ്ലാബ് പുതുക്കി പണിയുന്ന പ്രവൃത്തി ഒഴിവാക്കാനുള്ള കാരണം വ്യക്തമല്ല.
ഓഡിറ്റ് എൻക്വയറിക്കുള്ള (No. 4) മറുപടിയായി നിലവിലുള്ള സംരക്ഷണ ഭിത്തിയുടെ 35 M നീളം മുകൾ ഭാഗം പൊളിച്ച് നിലവിലുള്ള അടിത്തറയുടെ മുകളിൽ കല്ല് കെട്ടി എന്നാണ്. മറുപടി വ്യക്തമല്ല. എസ്റ്റിമേറ്റ് പ്രകാരം നിലവിലുള്ള സംരക്ഷണ ഭിത്തിയുടെ ഉയരം ഫൗണ്ടേഷൻ ഉൾപ്പെടെ ഒരു മീറ്ററാണ്. എന്നാൽ എംബുക്ക് പ്രകാരം 1.1 മീറ്റർ ഉയരത്തിൽ സംരക്ഷണഭിത്തി പൊളിച്ചിട്ടുണ്ട്. മേൽ പറഞ്ഞ അപാകതകൾക്ക് യുക്തിസഹമായ വിശദീകരണം ലഭ്യമാക്കുന്നത് വരെ 767940/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. എസ്റ്റിമേറ്റ് പ്രകാരം പൊളിക്കേണ്ട സംരക്ഷണഭിത്തിയുടെ നീളം 70 മീറ്ററും ഉയരം ഒരു മീറ്ററുമാണ്. 35 മീറ്റർ മാത്രമാണ് പൊട്ടിച്ച് മാറ്റിയത്. പൊട്ടിച്ച് മാറ്റാത്ത 35 മീറ്റർ നീളത്തിൽ വീണ്ടും സൂപ്പർ സ്ട്രക്ച്ചർ പണിതതായി കാണുന്നു. ആയതിന് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-18 ഗുണഭോക്താക്കളുടെ മരണശേഷവും തുകകൾ അക്കൗണ്ടിൽ നിക്ഷേപിച്ചു

ഗ്രാമ പഞ്ചായത്തിലെ 2021-22 മരണ റിപ്പോർട്ടുകൾ ആസ്പദമാക്കി പെൻഷൻ വിതരണം പരിശോധിച്ചതിൽ, ഗുണഭോക്താക്കളുടെ മരണശേഷവും തുകകൾ അക്കൗണ്ടിൽ നിക്ഷേപിച്ചതായി കാണുന്നു. പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്/ ആധാർ നം. | മരണപ്പെട്ട തീയതി/ പെൻഷൻ ഇനം | റിമാർക്സ് |
|---|---|---|---|
| 1. | സെബാസ്റ്റ്യൻ കെ.പി. 5519 4774 8353 | 29.11.2020, വാർദ്ധക്യകാല പെൻഷൻ | 2020 ഡിസംബർ മുതൽ 2022 ജൂൺ വരെയുള്ള മാസങ്ങളിലായി ഗുണഭോക്താവിന്റെ (ഗുണഭോക്താവിന്റെ മരണ ശേഷം), അക്കൗണ്ടിൽ നിക്ഷേപിച്ചതായി കാണുന്നു. |
| 2. | ടി.കെ. കുമാരൻ 399677755805 | 14/12/2020, വാർദ്ധക്യകാല പെൻഷൻ | 2021 ജനവരി മുതൽ 2022 ജൂൺ വരെയുള്ള മാസങ്ങളിലായി ഗുണഭോക്താവിന്റെ (ഗുണഭോക്താവിന്റെ മരണ ശേഷം), അക്കൗണ്ടിൽ നിക്ഷേപിച്ചതായി കാണുന്നു. |
| 3. | രാജൻ പി.ആർ. 951568313565 | 01/12/2020 വാർദ്ധക്യകാല പെൻഷൻ | 2021 ജനവരി മുതൽ 2022 ജൂൺ വരെയുള്ള മാസങ്ങളിലായി ഗുണഭോക്താവിന്റെ (ഗുണഭോക്താവിന്റെ മരണ ശേഷം), അക്കൗണ്ടിൽ നിക്ഷേപിച്ചതായി കാണുന്നു. |
| 4. | ഭവാനി 865632522930 | 07/12/2020 വാർദ്ധക്യകാല പെൻഷൻ | 2021 ജനവരി മുതൽ 2022 ജൂൺ വരെയുള്ള മാസങ്ങളിലായി ഗുണഭോക്താവിന്റെ (ഗുണഭോക്താവിന്റെ മരണ ശേഷം), അക്കൗണ്ടിൽ നിക്ഷേപിച്ചതായി കാണുന്നു. |
| 5. | ദമയന്തി ദാമോദരൻ 282206251671 | 27/12/2020 വാർദ്ധക്യകാല പെൻഷൻ | 2021 ജനവരി മുതൽ 2021 ഓഗസ്റ്റ് വരെയുള്ള മാസങ്ങളിലായി ഗുണഭോക്താവിന്റെ (ഗുണഭോക്താവിന്റെ മരണ ശേഷം), അക്കൗണ്ടിൽ നിക്ഷേപിച്ചതായി കാണുന്നു. |

മേൽപ്പറഞ്ഞിരിക്കുന്ന അപാകതകളോടനുബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (23/24.01.2023) മറുപടി ലഭ്യമാക്കിയില്ല. ധനകാര്യ (എസ്.എഫ്.സി. സെൽ -ബി) വകുപ്പിന്റെ 3.8.2018 ലെ സ.ഉ.(എം.എസ്) നം. 278/2018 ധന നമ്പർ ഉത്തരവ് പ്രകാരം മരണപ്പെട്ട ഗുണഭോക്താക്കളെ സാമൂഹ്യസുരക്ഷാ പെൻഷൻ ഡാറ്റാ ബേസിൽ നിന്നും അടിയന്തിരമായി ഒഴിവാക്കേണ്ടതും,

ഇത്തരത്തിൽ സർക്കാരിൽ നിന്നും അനർഹമായി കൈപ്പറ്റിയിട്ടുള്ള തുക അനന്തരാവകാശികളിൽ നിന്നും തിരിച്ച് പിടിക്കേണ്ടതുമാണ്. ധനകാര്യ(എസ്.എഫ്.സി. സെൽ -ബി) വകുപ്പിന്റെ 05.11.2020 ലെ 67/2020/ധന. നമ്പർ സർക്കുലർ പ്രകാരം മരണപ്പെടുന്നവരേയും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കാത്തതു മൂലം സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്ന പക്ഷം പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്. മേൽപ്പറഞ്ഞിരിക്കുന്ന വിധത്തിൽ അനർഹമായി നല്കിയ പെൻഷൻ തുക ബന്ധപ്പെട്ട അനന്തരാവകാശികളിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്. മേൽ സൂചിപ്പിച്ച വിധത്തിലോ അല്ലാതെയോ, അനർഹമായി പെൻഷൻ തുക ആരെങ്കിലും കൈപ്പറ്റിയിട്ടുണ്ടോയെന്ന് കൃത്യമായ വിധത്തിൽ പരിശോധന നടത്തി, അതിനനുസരിച്ചുള്ള നിയമപരമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 കുടിവെള്ള വിതരണ പദ്ധതി നിർവ്വഹണത്തിൽ ന്യൂനതകൾ.

പദ്ധതി നം.- 259/22 (So)

പദ്ധതി - കുടിവെള്ള വിതരണം.

നിർവ്വഹണം - സെക്രട്ടറി.

അടങ്കൽ - 100000/-

ചെലവ് - 94100/-
ബിൽ നം/തീയതി – 200370140751/22.03.2022

മേൽ പദ്ധതി പ്രകാരം ഫൈൻ വാട്ടർ എന്ന സ്ഥാപനം വിവിധ ഇടങ്ങളിൽ വെള്ളം വിതരണം ചെയ്തതിന്റെ കൈപ്പറ്റാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. 2020-21 ലെ പദ്ധതിയിലെ ഒടുവിലത്തെ ഗഡു നൽകുന്നതിനാണ് തൻവർഷം തുക വകയിരുത്തിയത്. കുടിവെള്ള വിതരണം സംബന്ധിച്ചുള്ള ദുരന്ത നിവാരണ വകുപ്പിന്റെ സ.ഉ(സാധാ)നം. 787/2017/ഡി.എം.ഡി., തീ.23.02.2017, സ.ഉ(സാധാ)നം.494/2020/ത.സ്വ.ഭ.വ., തീ.27.02.20 നമ്പർ ഉത്തരവുകൾ പ്രകാരം ജലവിതരണ ടാങ്കറുകളിൽ ജി.പി.എസ്.ഉപകരണം ഘടിപ്പിക്കേണ്ടതാണ്. ജലവിതരണം നടത്തുന്ന പ്രദേശത്ത് ജലവിതരണം നടത്തി എന്നതിന്റെ തെളിവായി പ്രദേശത്തെ വാർഡ് മെമ്പറും പഞ്ചായത്ത് സെക്രട്ടറിയും വില്ലേജ് ഓഫീസറും ദൈനംദിന ട്രിപ്പ് ഷീറ്റ് സാക്ഷ്യപ്പെടുത്തേണ്ടതാണ്. കരാറുകാരന് തുക നൽകുന്നത് ജി.പി.എസ്. ലോഗും ട്രിപ്പ് ഷീറ്റും ഒത്തു നോക്കി വാഹനം സഞ്ചരിച്ച കിലോമീറ്റർ ജി.പി.എസ്. ലോഗിൽ നിന്നും നിർണ്ണയിച്ചതിനു ശേഷം ട്രിപ്പ് ഷീറ്റ് പരിശോധിച്ച് അതാത് ദിവസം ട്രിപ്പ് നടന്നിട്ടുണ്ടെന്ന് ഉറപ്പ് വരുത്തിയതിന് ശേഷമായിരിക്കണം. എന്നാൽ ഇപ്രകാരം ജി.പി.എസ്. ലോഗുമായി ഒത്തു നോക്കിയല്ല കരാറുകാരന് തുക നൽകിയത്. കരാറുകാരൻ വിവിധ അളവുകളിലുള്ള ലോറികളിൽ കുടിവെള്ളം വിതരണം ചെയ്തതിന്റെ എണ്ണത്തിനനുസരിച്ചാണ് തുക അനുവദിച്ചിട്ടുള്ളത്. ഇപ്രകാരം തുക നൽകുന്നത് അംഗീകരിക്കാനാവില്ല. ലോഗ് ബുക്ക്, ട്രിപ്പ് ഷീറ്റ് എന്നിവ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ആരും പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഫൈൻ വാട്ടർ എന്ന സ്ഥാപനം സമർപ്പിച്ചിട്ടുള്ള വിതരണ രശീതിൽ തന്നെ മിക്കവയിലും കൈപ്പറ്റിയതായി ആരും സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/24.1.23) മറുപടി ലഭ്യമാക്കിയിട്ടില്ല.

സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി പദ്ധതി നിർവ്വഹണം നടത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-20 കാരുണ്യസ്പർശം - ഡയാലിസിസ് തുടർ ചികിത്സ പദ്ധതി - വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

പദ്ധതി നം. 55/22

പദ്ധതി : കാരുണ്യസ്പർശം - ഡയാലിസിസ് തുടർ ചികിത്സ പദ്ധതി (സംയുക്തം)

നിർവ്വഹണം. സെക്രട്ടറി.

അടങ്കൽ : 60000/- (പ്ലാൻ ഫണ്ട്)

ചെലവ് : 58500/-

ബിൽ നം. 3700972475/19.1.22

മേൽ പദ്ധതി ജില്ലാ പഞ്ചായത്തും, ഗ്രാമ പഞ്ചായത്തും സംയുക്തമായി നടത്തുന്നതാണ്. നിർദ്ധനരായ രോഗികൾക്ക് ഡയാലിസിസ് തുടർ ചികിത്സ നൽകുന്നതിനായി ഉദ്ദേശിച്ചാണ് പദ്ധതി നടപ്പാക്കിയത്. ഗ്രാമപഞ്ചായത്തിന്റെ വിഹിതം ജില്ലാപഞ്ചായത്തിന് കൈമാറുകയാണ് ചെയ്യുന്നത്. പദ്ധതി നിർവ്വഹണം നടത്തിയതിന്റെ ധനവിനിയോഗ സാക്ഷ്യപത്രം പഞ്ചായത്തിൽ നിന്നും ലഭ്യമാക്കാത്തതിനാൽ 58500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാകുന്നമുറക്ക് അറിയിക്കേണ്ടതാണ്.

1-21 വിനിയോഗ വിവരം (ഐകെഎം) ലഭ്യമാക്കിയിട്ടില്ല.

ഐ.കെ.എം. ന് പഞ്ചായത്ത് വിഹിതമായി നൽകിയ താഴെ പറയുന്ന തുകക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| പ്രൊജക്റ്റ് നം. | 7/22 |
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി(സെക്രട്ടറി ഇൻചാർജ്ജ്) |
| ബിൽനം.,തിയ്യതി | 3700083797/25.05.21 |
| തുക | 77133/- |

തുക അടവാക്കിയതിന്റെ കൈപ്പറ്റ്, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നമുറക്ക് അറിയിക്കേണ്ടതാണ്. 77133/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-22 എസ്.എസ്.കെ. പദ്ധതി - വിനിയോഗ വിവരങ്ങൾ ലഭ്യമല്ല.

2021-22 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ എസ്.എസ്.എ-ക്ക് വിഹിതം നൽകൽ എന്ന പദ്ധതിയുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 2/22 |
| അടങ്കൽ | 526945/-(വികസന ഫണ്ട്) |
| ചെലവ് | 526945/- |
| ബിൽ നം./തീയതി | 3700484787/06.10.21 |

പഞ്ചായത്ത് പരിധിയിലെ സ്കൂളുകളുടെ പ്രവർത്തനങ്ങൾക്കാവശ്യമായ തുകയുടെ പഞ്ചായത്തു വിഹിതം മേൽ ബിൽ മുഖാന്തിരം എസ്.എസ്.കെ ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ഈ തുക ഏതെല്ലാം ആവശ്യങ്ങൾക്ക് ഉപയോഗിച്ചു എന്നതു സംബന്ധിച്ച വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. 2021-22 -ലെ മൊത്തം പ്രവർത്തന കലണ്ടർ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. പദ്ധതി പ്രവർത്തനത്തിന്റെ മോണിറ്ററിംഗ് ചുമതലകൾ നിർവ്വഹിക്കുന്നതിൽ വർക്കിംഗ് ഗ്രൂപ്പ്, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവർ പങ്കുവഹിച്ചതായി കാണുന്നില്ല. 29.01.2018 ലെ സ.ഉ(കൈ) 11/2018/ത.സ്വ.ഭ.വ നമ്പറായുള്ള പതിമൂന്നാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 7.6.(3) പ്രകാരം എസ്.എസ്.എ പദ്ധതികളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖ്യ പങ്ക് വഹിക്കണമെന്ന് നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ അത്തരത്തിലുള്ള പങ്കാളിത്തം ഉണ്ടായിട്ടില്ല. ഗ്രാമപഞ്ചായത്തിലെ സ്കൂളുകൾക്കാവശ്യമായ പദ്ധതികൾ എസ്.എസ്.എ പദ്ധതിയിലേയ്ക്ക് ഗ്രാമപഞ്ചായത്ത് ശുപാർശ ചെയ്തിട്ടില്ല. 2021-22 ലെ പ്രവർത്തന കലണ്ടർ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. 2021 നവംബറിലാണ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ മുഴുവനായി തുറന്ന് പ്രവർത്തിക്കുന്നതിനായി സർക്കാർ അനുമതി നൽകിയത്. കോവിഡ് പശ്ചാത്തലത്തിൽ ഈ തുക ഏതെല്ലാം രീതിയിലാണ് പഞ്ചായത്ത് പരിധിയിൽ ഉപയോഗപ്രദമാക്കിയതെന്നും 2021-22 -ലെ വിശദമായ വിനിയോഗ വിവരങ്ങളും പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

1-23 സ്റ്റീറ്റ് ടാപ്പുകളുടെ വാട്ടർ ചാർജ് അടവാക്കിയിട്ടില്ല, സംയുക്ത പരിശോധന നടത്തിയിട്ടില്ല.

സ്റ്റീറ്റ് ടാപ്പുകളുടെ വാട്ടർ ചാർജ് അടയ്ക്കുന്നതിനായി താഴെ പറയുന്ന പ്രകാരം തുക അടവാക്കിയിട്ടുണ്ട്.

| പദ്ധതിനം | അടങ്കൽ | ചെലവ് | ഫണ്ടിനം |
|---|---|---|---|
| 143/22 | 1763000 | 1763000 | ധ.ക.ഗ്രാന്റ് |

നിർവ്വഹണം : സെക്രട്ടറി.

| വൗച്ചർ നം | തുക |
|---|---|
| XVFC/21-22/P/1, 19.1.22 | 15,52,830/- |
| XVFC/21-22/P/10, 17.3.22 | 54887/- |
| XVFC/21-22/P/2, 11.2.22 | 155283/- |

വാട്ടർ അതോറിറ്റിയുടെ 2022 മാർച്ചിലെ ഡിമാൻഡ് നോട്ടീസിൽ 338 ടാപ്പുകളുടെ പ്രതിമാസ വെള്ളക്കരമായി 155283രൂപയും പുറമെ മുന്നിരിപ്പായി 386099/- രൂപയും 7584/-രൂപ പിഴയുംകൂടി കുടിശ്ശിക ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് 2021 മാർച്ച് മാസത്തിലെ ഡിമാന്റ് നോട്ടീസ് പരിശോധിച്ചതിൽ മുന്നരിപ്പും കുടിശ്ശികയുമായി യഥാക്രമം 334123/-, 6611/- രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2020 മാർച്ച് മാസത്തെ ഡിമാന്റ് നോട്ടീസിൽ (2020 Feb Bill No. 40843) തൻവർഷത്തെ ചാർജ് അല്ലാതെ കുടിശ്ശിക ഒന്നും തന്നെയില്ല. അതായത് 2020 ഏപ്രിലിനും 2021 മാർച്ചിനുമിടയിലാണ്

കുടിശ്ശിക ഉണ്ടായിട്ടുള്ളത്. പ്രസ്തുത കാലയളവിലെ KWA ഡിമാന്റ് നോട്ടീസ് ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയിട്ടില്ല. ഈ കാലയളവിലെ നിർവ്വഹണ ഉദ്യാഗസ്ഥർ കുടിശ്ശിക അടവാക്കാത്തതിനും പിഴ അടവാക്കുന്നതിനും ബാദ്ധ്യസ്ഥരായിരിക്കുന്നതാണ്. മേൽ പരാമർശങ്ങൾക്ക് നൽകി ഓഡിറ്റ് എൻക്വയറിക്ക് (നം.14/23.1.23) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഉപയോഗശൂന്യമായ വാട്ടർ ടാപ്പുകളുടെ വാട്ടർ ചാർജ് അടവാക്കുന്നത് ഒഴിവാക്കുന്നതിനായി സംയുക്ത പരിശോധനകളുള്ള തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ടാപ്പുകളുടെ എണ്ണത്തിൽ കുറവ് വരുന്നപക്ഷം ആവർത്തന നഷ്ടം ഒഴിവാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. മേൽ പരാമർശങ്ങളിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-24 സ്ക്രീനിങ്ങ് ഓഫ് ഏർലി ഇന്റർവെൻഷൻ സെന്റർ പദ്ധതി-രസീതും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയില്ല.

പ്രൊജക്റ്റ് നം : 169/21-22
പ്രൊജക്ടിന്റെ പേര് : സ്ക്രീനിങ്ങ് ഓഫ് ഏർലി ഇന്റർവെൻഷൻ സെന്റർ
നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി

| ഫണ്ടിനം | വകയിരുത്തിയ തുക | ചെലവ് തുക/ബിൽ നം. |
|---|---|---|
| പദ്ധതി വിഹിതം | 20000/- | 20000/- നം.3700729834/1.12.21 |

എറണാകുളം ജില്ലാ പഞ്ചായത്തിന്റെ ഏർലി ഇന്റർവെൻഷൻ സെന്റർ എന്ന പദ്ധതി സംയുക്തമായി ഗ്രാമപഞ്ചായത്തുകളെയും ഉൾപ്പെടുത്തിയാണ് നടപ്പാക്കുന്നത്. പ്രസ്തുത പദ്ധതിക്കായി ഈ കാര്യാലയത്തിൽനിന്നും മേൽപറഞ്ഞ പ്രകാരം ജില്ലാപഞ്ചായത്തിന് തുക നൽകിയിട്ടുണ്ട്. എന്നാൽ ഇതിന്റെ രസീതും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 20000/- രൂപ തടസ്സപ്പെടുത്തുന്നു. ആയത് ലഭ്യമാകുന്നമുറക്ക് അറിയിക്കേണ്ടതാണ്.

## 1-25 ജില്ലാ പഞ്ചായത്ത്- കുട്ടികൾക്കായുള്ള ജില്ല വെബ് പോർട്ടൽ പദ്ധതി - പൂർത്തീകരണ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

പദ്ധതി നം. 56/22

പദ്ധതി : കുട്ടികൾക്കായുള്ള ജില്ല വെബ് പോർട്ടൽ പദ്ധതി (സംയുക്തം)

നിർവ്വഹണം : സെക്രട്ടറി.

അടങ്കൽ : 12500/- (പ്ലാൻ ഫണ്ട്)

ചെലവ് : 12500/-

ബിൽ നം. 3701318518/14.3.22

മേൽ പദ്ധതി ജില്ലാ പഞ്ചായത്തും, ഗ്രാമ പഞ്ചായത്തും സംയുക്തമായി കുട്ടികൾക്കായുള്ള ജില്ലാ വെബ് പോർട്ടൽ നിർമ്മിക്കുന്നതിനായിട്ടാണ് ഉദ്ദേശിച്ചിട്ടുള്ളത്. പദ്ധതിയുടെ നിലവിലെ പുരോഗതി, നിർവ്വഹണം നടത്തി കഴിഞ്ഞെങ്കിൽ ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ജില്ലാപഞ്ചായത്തിൽ നിന്നും ലഭ്യമാകുന്ന മുറക്ക് അറിയിക്കേണ്ടതാണ്. അതുവരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 1-26 കമ്പ്യൂട്ടർ, യുപിഎസ് വാങ്ങിയതിന്റെ വിശദാംശങ്ങളില്ല.

പദ്ധതി നം. : 104/22

അടങ്കൽ : 70000/-(മെയിന്റനൻസ് ഫണ്ട്.(NR))

ചെലവ് : 67737/-

നിർവ്വഹണം : സെക്രട്ടറി.

പദ്ധതി : അസി.എഞ്ചിനീയർ ഓഫീസിലേക്ക് കമ്പ്യൂട്ടർ, യു.പി.എസ്.

| | ബിൽ നം | തീയതി | തുക |
|---|---|---|---|
| 1 | 3700419903 | 17.09.21 | 23305 |
| 2 | 3700743052 | 04.12.21 | 4635 |
| 3 | 3700263381 | 04.08.21 | 39737 |

ക്രമ നം 1 കെൽട്രോണിന്റെ പ്രഫോർമ ഇൻവോയിസ്, ക്രമ നം 2 വയറിങ്ങിന്റെ ചെലവിന്റെ ബിൽ എന്നിവ മാത്രമാണ് ഫയലിലുള്ളത്. സ്കാനർ, കമ്പ്യൂട്ടർ എന്നിവ ലഭ്യമായിട്ടുണ്ടെങ്കിൽ രേഖകൾ സഹിതം വിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ 39737/- ചെലവ് തടസ്സപ്പെടുത്തുന്നു.

1-27 'സിഡ്കോ' നിർമ്മിക്കാത്ത ഫർണിച്ചറുകൾ ക്വട്ടേഷൻ /ടെണ്ടർ ഇല്ലാതെ നേരിട്ട് വാങ്ങി.

പദ്ധതി നം. 248/22

പദ്ധതി : ഘടക സ്ഥാപനങ്ങളിലേക്ക് ഫർണിച്ചർ വാങ്ങൽ.

നിർവ്വഹണം : സെക്രട്ടറി.

അടങ്കൽ : 200000/- (പ്ലാൻ ഫണ്ട്)

ചെലവ് : 199908/-

ബിൽ നം. 37011511774/30.3.22

മേൽ പദ്ധതി പ്രകാരം നേരിട്ട് വിവിധ സ്ഥാപനങ്ങളിലേക്ക് 'SIDCO' യിൽ നിന്ന് സ്റ്റീൽ കാബിനറ്റ്, ടേബിൾ , ചെയർ, ഫാൻ എന്നിവ വാങ്ങിയിട്ടുണ്ട്.

| ക്രമ നമ്പർ | ഇനം | എണ്ണം | തുക |
|---|---|---|---|
| 1 | സ്റ്റീൽ കാബിനറ്റ് വിത്ത് ഗ്ലാസ് ഡോർ | 4 | 57000 |
| 2 | സ്റ്റീൽ ടേബിൾ | 5 | 12750 |
| 3 | കംപ്യൂട്ടർ ചെയർ വിത്ത് ആം | 16 | 59264 |
| 4 | റിവോൾവിംഗ് ചെയർ വിത്ത് കുഷ്യൻ സീറ്റ് ബാക്ക് | 4 | 23904 |
| 5 | ഉഷ പെഡസ്റ്റൽ ഫാൻ | 3 | 13500 |
| | ആകെ | | 166418 |
| | ജി.എസ്.റ്റി(18%) | | 30494 |
| | ട്രാൻസ്പോർട്ടേഷൻ | | 2996 |
| | ആകെ | | 199908 |

ചെയർ സിഡ്കോ നിർമ്മിച്ചതാണോ എന്ന് വ്യക്തമല്ല. സർക്കാർ അംഗീകരിച്ച സിഡ്കോയുടെ വില വിവര പട്ടിക ഫയലിലില്ല. ഇൻവോയിസ് പ്രകാരം 'ഉഷ' ഫാനുകളും വാങ്ങിയിട്ടുണ്ട്. 2.12.2016 -ലെ സ.ഉ.സാധാ.നം.3299/2016/ത.സ്വ.ഭ.വ. ഉത്തരവിൽ മേൽ സ്ഥാപനം സ്വയം നിർമ്മിക്കാത്തവ അവരിൽ നിന്നും നേരിട്ട് വാങ്ങുവാൻ അനുമതിയില്ല.
മേൽ പറഞ്ഞ പരാമർശത്തിന് ഓഡിറ്റ് എൻക്വയറി നൽകിയതിന് (നം. 20/24.1.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശം പാലിക്കാതെ സാധനങ്ങൾ വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-28 ഘടക സ്ഥാപനങ്ങൾക്ക് നൽകിയ തുകകളുടെ ചെലവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| പദ്ധതി നം | 4/22 |
| നിർവ്വഹണം. | സെക്രട്ടറി |
| അടങ്കൽ | 180000/- (MG-NR) |
| ചെലവ് | 180000/- |
| ബിൽ നം., തുക | 3700263385/4.8.21/130000/- |
| ബിൽ നം. , തുക | 3701125387/15.2.22 /50000/- |

കണ്ടിജൻസി ചെലവുകൾ വഹിക്കുന്നതിന് ഘടക സ്ഥാപനങ്ങളിലെ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്കായി മേൽ പദ്ധതി പ്രകാരം തുക കൈമാറിയെങ്കിലും ആയതിന്റെ ചെലവിന്റെ വിശദാംശങ്ങളോ വിനിയോഗ വിവരമോ ഫയലിൽ ലഭ്യമല്ല.

മേൽ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/23.1.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ 1,80,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-29 ഡോമിസിലറി കെയർ സെന്റർ പ്രവർത്തന ചെലവ് – രേഖകൾ ലഭ്യമാക്കിയില്ല.

പദ്ധതി : 132/22

അടങ്കൽ. 2890000/- (പ്ലാൻ) ; 150000/-(തനത്ഫണ്ട്)

ചെലവ് : 3267759/-

മേൽ പദ്ധതിയിൽ ബിൽ നം. 2111075200370066883 2/18.11.22 പ്രകാരം സെക്രട്ടറി മാറിയ 318328/-

രൂപയിൽ 96870/- രൂപയുടെ ചെലവിന്റെ രേഖകളും 17.2.22-ൽ സെക്രട്ടറി മാറിയ 63970/- രൂപയുടെ രേഖകളും ലഭ്യമാക്കിയില്ല. ആയതിനാൽ ഇത് പ്രസ്തുത കാലയളവിലെ ചെലവാണോ എന്നുറപ്പാക്കാനാകില്ല. കൂടാതെ വാങ്ങിയ സാധനങ്ങളുടെ വിതരണ വിവരങ്ങളും ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 18/24.1.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പറഞ്ഞ ചെലവുകളുടെ രേഖകളുടെ അഭാവത്തിൽ 160840/-രൂപയുടെ (96870+63970) ചെലവ് തടസ്സപ്പെടുത്തുന്നു.

1-30 തെരുവ് വിളക്ക് പരിപാലനം- പദ്ധതി നിർവ്വഹണത്തിൽ അപാകങ്ങൾ.

പദ്ധതി നം :144/22

പദ്ധതി :തെരുവ് വിളക്ക് റിപ്പയർ മെയിന്റനൻസ്.

അടങ്കൽ : 490000/-രൂപ.

ചെലവ് : 244900/-രൂപ.

വൗച്ചർ നം.തീയതി : 240220220779/22.03.2022

2021-22 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിലെ സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് പദ്ധതി ടെൻഡർ ക്ഷണിക്കുകയും ആയത് പ്രകാരം കുറഞ്ഞ നിരക്കായ 490000/- രൂപക്ക് ക്വോട്ട് ചെയ്ത 'ഡിറ്റൊ.എ.വി' എന്നവർക്ക് പ്രവർത്തന അനുമതി നൽകുകയുമുണ്ടായി. അടങ്കൽ തുക 490000/- രൂപയാണെങ്കിലും തൻവർഷ ചെലവ് 244900/- രൂപയാണ്. 7.10.2021മുതൽ 6 മാസത്തേക്കാണ് കരാർ കാലാവധി.

പദ്ധതി നിർവ്വഹണത്തിൽ കണ്ട ന്യൂനതകൾ താഴെ ചേർക്കുന്നു.

1) തെരുവ് വിളക്കുകളുടെ ആകെ എണ്ണം അടങ്ങിയ രജിസ്റ്റർ (വാർഡ്,പോസ്റ്റ്, ഇനം തിരിച്ച്) സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത പദ്ധതി പ്രകാരം റിപ്പയർ ചെയ്ത തെരുവ് വിളക്കുകളുടെ വിവരങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല.

2) 13.9.21 ലെ A2-01/2021 നമ്പർ ടെൻഡർ നോട്ടീസ് പ്രകാരം തെരുവ് വിളക്കുകൾ റിപ്പയർ ചെയ്ത് പ്രവർത്തനക്ഷമമാക്കുന്നതിന് എ.എം.സി. വഴി ദർഘാസുകൾ ക്ഷണിക്കുകയായിരുന്നു. തെരുവ് വിളക്കുകളുടെ ഇനം തിരിച്ചുള്ള നിരക്കാണ് കരാറുകാരൻ ക്വോട്ട് ചെയ്തിട്ടുള്ളത്. കരാറുകാരൻ സമർപ്പിച്ചിട്ടുള്ള ടെൻഡർ നിരക്കുകളുടെ അടിസ്ഥാനത്തിലുള്ള തുകയാണ് നൽകേണ്ടത് എന്ന് കരാറിലെ രണ്ടാം വ്യവസ്ഥയിൽ പറയുന്നുമുണ്ട്. എന്നാൽ കരാറുകാരൻ പദ്ധതിയുടെ ആകെ ടെൻഡർ നിരക്ക് ക്വോട്ട് ചെയ്തിട്ടില്ല.

3) പഞ്ചായത്ത് തെരുവ് വിളക്കുകളുടെ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ കെ.എസ്.ഇ.ബി. പ്രതിമാസം നൽകുന്ന ബില്ല്, ലൈറ്റുകളുടെ ഇനം തിരിച്ചുള്ള വാറ്റേജിനനുസരിച്ചുള്ള തുകയാണോ എന്ന് വ്യക്തമല്ല. (സിഎഫ്എൽ, സോഡിയംവേപ്പർ, ട്യൂബ് തുടങ്ങിയവ)

4) സർക്കാർ നിർദ്ദേശമുണ്ടായിട്ടും പഞ്ചായത്ത് തെരുവ് വിളക്ക് മീറ്ററിങ്ങ് സംവിധാനത്തിലേക്ക് മാറാത്തതെന്താണെന്ന് വ്യക്തമല്ല.

5) പഞ്ചായത്തിൽ കൃത്യമായ കണക്കില്ലാതെ ലൈറ്റുകൾ പരിപാലിക്കുന്നതിന് കരാർ നൽകുന്നതും യഥാർത്ഥത്തിലുള്ള ലൈറ്റുകളുടെ എണ്ണം കാണിക്കാതെ ടെണ്ടർ ക്ഷണിക്കുന്നതും സാമ്പത്തിക നഷ്ടത്തിന് ഇടയാക്കും.

6) പഞ്ചായത്തിന്റെ തൊട്ടടുത്ത നായരമ്പലം പഞ്ചായത്തിൽ ഇതേ പ്രവർത്തിയെടുത്ത കരാറുകാരൻ ടെണ്ടറിൽ വിളക്കുകൾക്ക് ക്വോട്ട് ചെയ്ത നിരക്കുകൾ അധികവും ഞാറക്കൽ പഞ്ചായത്തിലെ നിരക്കിനോട് സാമ്യമുള്ള നിരക്കാണ്.

| ക്രമനം. | ഇനം | നായരമ്പലം | ഞാറക്കൽ |
|---|---|---|---|
| 1 | ട്യൂബ് | 700 | 600 |
| 2 | എൽഇഡി | 250 | 450 |
| 3 | സിഎഫ്എൽ | 220 | 250 |

എന്നാൽ നായരമ്പലം പഞ്ചായത്തിൽ ഓരോ ഇനത്തിനും ഒരു വർഷത്തേക്കുള്ള പരിപാലനത്തിനുള്ള നിരക്കാണ് ക്വോട്ട് ചെയ്തത്. അപ്രകാരമെങ്കിൽ 6 മാസത്തേക്കുള്ള പരിപാലനത്തിന് വേണ്ടി ടിയാൻ ഞാറക്കലിൽ ക്വോട്ട് ചെയ്ത നിരക്ക് ഏകദേശം ഇരട്ടിയാണ്. ക്രമ നം. 2 പ്രകാരം ഒരു വർഷത്തേക്കുള്ള പരിപാലന ചെലവ് 250/- രൂപയാണെന്നിരിക്കെ ടിയാൾ 6 മാസത്തേക്കുള്ള പരിപാലന ചെലവായി ഒരെണ്ണത്തിന് 450/- രൂപയാണ് ഈടാക്കിയത്. ആവശ്യമായ പഠനം നടത്താതെ കരാർ ഉറപ്പിച്ചതിനാൽ വലിയ സാമ്പത്തിക ബാദ്ധ്യത വന്നിരിക്കയാണ്.

7) 4.9 ലക്ഷം രൂപ അടങ്കൽ തുകയായി ആറുമാസത്തേക്ക് കരാർ ക്ഷണിക്കുന്നതിനു പകരം ഒരു വർഷത്തേക്ക് കരാർ ക്ഷണിച്ചിരുന്നെങ്കിൽ 5 ലക്ഷത്തിന് മുകളിൽ ഈ ടെൻഡർ നടപടിയിലൂടെ കൂടുതൽ മത്സര സ്വഭാവമുള്ള ടെൻഡറുകൾ ലഭിക്കുന്നതിനുള്ള അവസരം നഷ്ടപ്പെട്ടതായി കാണുന്നു. പ്രസ്തുത വിഷയത്തിൽ നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21/24.1.23) മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ഈ കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

## 1-31 കുടിവെള്ള വിതരണം - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ പ്രവൃത്തി നടപ്പാക്കി.

പദ്ധതി നം. 140/22 (So)

പദ്ധതി. കുടിവെള്ള വിതരണം.

നിർവ്വഹണം. സെക്രട്ടറി.

അടങ്കൽ. 121400/-

ചെലവ്. 121400/-

പഞ്ചായത്തിലെ കുടിവെള്ളം വിതരണം ചെയ്യുവാൻ ടെണ്ടർ ക്ഷണിക്കുകയും ആയത് പ്രകാരം ടെണ്ടർ ക്ഷണിച്ചതിൽ നിന്നും ഫൈൻ വാട്ടർ എന്ന സ്ഥാപനത്തെ പദ്ധതി നിർവ്വഹണത്തിനായി ചുമതലപ്പെടുത്തി.

പദ്ധതി നിർവ്വഹണത്തിൽ കണ്ട ന്യൂനതകൾ താഴെ ചേർക്കുന്നു.

1) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02.03.2019 ലെ 500/2019 നമ്പർ ഉത്തരവ്, സംസ്ഥാന ദുരന്തനിവാരണ വകുപ്പിന്റെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 787/2017/DMD 23/02/2017പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പ്രകാരമാണ് കുടിവെള്ള വിതരണം നടത്തേണ്ടതെന്നും എല്ലാ തദ്ദേശസ്ഥാപനമേധാവികളും ഈ നിർദ്ദേശങ്ങൾ കർശനമായി നടപ്പാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഈ ഉത്തരവിലെ ഖണ്ഡിക 4(g) പ്രകാരം കിലോമീറ്റർ അടിസ്ഥാനത്തിൽ, ജില്ലാതലത്തിൽ നിർണ്ണയിക്കുന്ന നിരക്ക് പ്രകാരമാണ് ജലവിതരണം നടത്തേണ്ടത്. ജില്ലാതല നിരക്കിനെക്കാൾ കുറഞ്ഞ നിരക്കിൽ വിതരണം സാധിക്കുന്ന സാഹചര്യത്തിൽ മാത്രം പഞ്ചായത്തുകൾക്ക് ടാങ്കറുകളിൽ ജലവിതരണം നടത്താവുന്നതാണ്. ഗ്രാമപഞ്ചായത്തിൽ കിലോമീറ്റർ അടിസ്ഥാനത്തിലല്ലാതെ ട്രിപ്പടിസ്ഥാനത്തിലാണ് കുടിവെള്ളം വിതരണം ചെയ്തതെന്നും കുടിവെള്ളത്തിന്റെ അളവ് പ്രകാരമാണ് കരാറുകാരന് തുക നൽകിയിട്ടുള്ളതെന്നും കാണുന്നു.

2) സംസ്ഥാന ദുരന്തനിവാരണ വകുപ്പിന്റെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 787/2017/DMD 23/02/2017പ്രകാരമുള്ള മാർഗ്ഗനിർദ്ദേശം ഖണ്ഡിക 4(g) പ്രകാരം ജി.പി.എസ് ഘടിപ്പിച്ച കുടിവെള്ള ടാങ്കറിൽ മാത്രമാണ് ജലവിതരണം നടത്തേണ്ടത്. ഖണ്ഡിക 4(i) പ്രകാരം ജി.പി.എസ് ലോഗും കരാറുകാരൻ ഹാജരാക്കുന്ന ട്രിപ്പ് ഷീറ്റും ഒത്തുനോക്കിയാണ് കരാറുകാരന് തുക അനുവദിക്കേണ്ടത്. എന്നാൽ ആയതിന്റെ രേഖകളൊന്നും തന്നെ ഇല്ലാതെ എന്തടിസ്ഥാനത്തിലാണ് തുക അനുവദിച്ചതെന്ന് വ്യക്തതയില്ല. പദ്ധതി കാലയളവിലെ ഒരു ദിവസത്തെ പോലും ജി.പി.എസ് ലോഗ് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. .
3) പഞ്ചായത്തിൽ 2020-21 ൽ കുടിവെള്ള വിതരണം നടത്തുന്നതിനായി ആരംഭിച്ച പദ്ധതിയിൽ നൽകാൻ അവശേഷിക്കുന്ന തുകയാണ് തൻവർഷം (121400/- രൂപയാണ്) നൽകിയത്. കുടിവെള്ള വിതരണത്തിന്റെ സുതാര്യത ഉറപ്പുവരുത്തുന്നതിന് വേണ്ടിയാണ് ജി.പി.എസ്. ഘടിപ്പിച്ച വാഹനങ്ങളിൽ മാത്രം കുടിവെള്ള വിതരണം നടത്തണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ കരാറുകാരന്പഞ്ചായത്തിൽ പണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഹാജരാക്കിയ ഒരു കത്തിന്റെയും ടിയാന്റെ രസീതിന്റെയും അടിസ്ഥാനത്തിൽ മാത്രം കുടിവെള്ളം വിതരണം ചെയ്തതിന്റെ കൃത്യത ഉറപ്പ് വരുത്താൻ കഴിയില്ല. 'ഫൈൻവാട്ടർ' എന്ന സ്ഥാപനം സമർപ്പിച്ചിട്ടുള്ള വിതരണ രശീതിൽ തന്നെ മിക്കവയിലും കൈപ്പറ്റിയതായി ആരും സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. ഓഡിറ്റ് എൻക്വയറി നം. 22/24.1.2023 ൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-32 പ്രൊക്യൂർമെന്റ് കമ്മറ്റി പ്രവർത്തനം തൃപ്തികരമല്ല.

തദ്ദേശ സ്ഥാപനങ്ങളിലെ എല്ലാ സാധനങ്ങളുടെയും, സേവനങ്ങളുടെയും വാങ്ങൽ 8.11.2010 മുതൽ സർക്കാർ ഉത്തരവ്(പി)259/2010/ത.സ്വ.ഭ.വ. അനുസരിച്ചായിരിക്കേ ണ്ടതാണ്. തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് വിവിധ തരത്തിലുള്ള വാങ്ങലുകൾ ഓരോ വർഷവും നടത്തേണ്ടതായി വരും. അവ പദ്ധതി തയ്യാറാക്കുമ്പോൾ തന്നെ തയ്യാറാക്കുകയും, ആയതിനനുസരിച്ച് പ്രൊക്യൂർമെന്റ് പദ്ധതി (പ്രൊക്യൂർമെന്റ് പ്ലാൻ)തയ്യാറാക്കുകയും വേണം. ടെക്നിക്കൽ ടീം(വർക്കിംഗ് ഗ്രൂപ്പ്) ആണ് സാധനങ്ങളുടെ ആവശ്യകതയും, സ്പെസിഫിക്കേഷനും അടക്കം പ്രാഥമികകാര്യങ്ങൾ തീരുമാനിക്കേണ്ടത്. ഇവ കൃത്യമായി പ്രൊക്യൂർമെന്റ് കമ്മിറ്റി മുമ്പാകെ കൊണ്ടുവരേണ്ടതും, മാർഗ്ഗരേഖയ്ക്കനുസരിച്ച് നടപടിക്രമങ്ങൾ ഉറപ്പുവരുത്തേണ്ടതും പ്രൊക്യൂർമെന്റ് ടീം ആണ്. മേൽ ഉത്തരവിൽ നിർദ്ദേശിക്കും പ്രകാരം ഒരു പ്രൊക്യൂർമെന്റ് സൈക്കിളിലെ ആദ്യ ഘടകം ആവശ്യം തിരിച്ചറിയലും, സ്പെസിഫിക്കേഷൻ ഉണ്ടാക്കലുമാണ്. ഒരേയിനം സാധനസാമഗ്രികൾ വിവിധ നിർവ്വഹണോദ്യോഗസ്ഥർ വാങ്ങുന്ന സംഗതിയിൽ തദ്ദേശസ്ഥാപനത്തിന്റെ ആകെ ആവശ്യകത കണക്കാക്കി ഒറ്റ വാങ്ങൽ നടപടിയാണ് നടത്തേണ്ടത്. 2013 ലെ കേരള സ്റ്റോർ പർച്ചേസ് മാന്വവൽ ഖണ്ഡിക 7.33.ii(c) പ്രകാരം ഒരു സ്ഥാപനത്തിന്റെ വിവിധ വിഭാഗങ്ങളിലേയ്ക്ക് വേറെ വേറെ ടെൻണ്ടർ നടപടി സ്വീകരിക്കാതെ ആകെ ആവശ്യമുള്ള സാമഗ്രികളുടെ എണ്ണം തിട്ടപ്പെടുത്തി ഒറ്റ വാങ്ങൽ നടപടി നടത്തിയാൽ മതി.

അപ്രകാരം വിവിധ പ്രവർത്തനങ്ങൾ നടത്തേണ്ട കമ്മറ്റിയുടെ മിനട്സ് പരിശോധിച്ചതിൽ 2019-20 ൽ 27.11.19 ന് യോഗം ചേർന്നതിന് ശേഷം മൂന്ന് വർഷത്തിന് ശേഷം 15.11.22 ന് യോഗം ചേർന്നെങ്കിലും

വിശാംശങ്ങളൊന്നംതന്നെ രേഖപ്പെടുത്തിയിട്ടില്ല. ശേഷം ഓഡിറ്റ് വേളയിൽ (171.23-ന്) ഫിഷറീസ് ഇൻസ്പെക്ടറുടെ 22-23 ലെ പദ്ധതികളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഫിഷറീസ് ഓഫീസ് മാത്രമാണ് ഒപ്പ് വച്ചിട്ടുള്ളത്.

2020-21, 21-22 കാലയളവിൽ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികൾ പ്രൊക്യയർമെന്റ് കമ്മറ്റി കൈകൈര്യം ചെയ്യേണ്ടിയിരുന്ന നിരവധി പദ്ധതികൾ ഉണ്ടായിരുന്നു.എന്നാൽ ടി കാലയളവിൽ യോഗം കൂടിയിട്ടില്ല. 2020-21-ൽ നടപ്പാക്കിയ ഏതാനും പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണദ്യോഗസ്ഥൻ/ പ്രോജക്ട് നം | വാങ്ങിയ സാധനം |
|---|---|---|
| 1 | കൃഷിഭവൻ. നം.279/21 | ഫർണിച്ചർ |
| 2 | വെറ്ററിനറി ഡോക്ടർ നം 179/21,178/21,31/21,28/21 | പശു, പോത്ത്കുട്ടി, ആട്, താറാവ് |
| 3 | പി.എച്ച്.സി. നം.264/21, 156/21 | കോവിഡ് ഉപകരണങ്ങൾ, പാലിയേറ്റീവ് കെയർ. |
| 4 | ഫിഷറീസ് ഇൻസ്പെക്ടർ.നം. 190/21 | മത്സ്യതൊഴിലാളികൾക്ക് വഞ്ചി. |
| 5 | ഐസിഡിഎസ്. നം171/21 | അങ്കണവാടികൾക്ക് പ്രഷർ കുക്കർ, നേഴ്സറി സ്കൂൾ കളിപ്പാട്ടം |

പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതും രേഖകൾ സഹിതം വിശദാംശങ്ങൾ അടുത്ത ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

### 1-33 പത്രപരസ്യം-കിഴിവ് ലഭിച്ചിട്ടില്ല

ഞാറക്കൽ ഗ്രാമപഞ്ചായത്തിലെ 2021-22 വർഷത്തെ തനത് ഫണ്ടിന്റെ ചെലവ് പരിശോധിച്ചതിൽ മാർച്ച് മാസത്തിലെ വൗച്ചർ പ്രകാരം വിവിധ മരാമത്ത് പ്രവൃത്തികളുടെ ടെൻഡർ നടപടികളുമായി ബന്ധപ്പെട്ട് പത്രപരസ്യം നൽകിയിരുന്നു. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പത്ര സ്ഥാപന ത്തിന്റെ പേര് | നൽകിയ തുക | ചെലവ് വൗച്ചർ വിവരം |
|---|---|---|---|
| 1 | മനോരമ ദിനപത്രം | 15750 | 22100961/19.03.2022 |
| 2 | മാതൃഭൂമി ദിനപത്രം | 4800 | 22101010/24.03.2022 |
| ആകെ | | 20550 | |

മേൽ പത്രപരസ്യം നൽകിയതിൽ സർക്കാർ ഉത്തരവ് പ്രകാരം നിയമാനുസൃതം ലഭിക്കേണ്ടിയിരുന്ന 15% കിഴിവ് ലഭിച്ചിട്ടില്ല. തുടർന്നുള്ള സാമ്പത്തിക വർഷങ്ങളിൽ കിഴിവ് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

### 1-34 ബയോഫ്ലോക് മത്സ്യകൃഷി-അപാകത

| | |
|---|---|
| പ്രൊജക്ട് നമ്പർ/പേര് | എസ്0073/22/ബയോഫ്ലോക് മത്സ്യകൃഷി |
| നിർവ്വഹണം | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |
| ആകെ അടങ്കൽ | 552000/- രൂപ |
| ആകെ ചെലവ് | 109840/- രൂപ(പ്ലാൻ ഫണ്ട്) ബിൽ നമ്പർ/തീയതി-21110752015201287734 /09.03.2022 |

മൂന്ന് ഗുണഭോക്താക്കൾക്കാണ് പദ്ധതി പ്രകാരം ആനുകൂല്യം നല്കിയിട്ടുള്ളത്. ചെലവ് രേഖകളുടെ അടിസ്ഥാനത്തിൽ 40 ശതമാനം നിരക്കിലാണ് സബ്സിഡി തുക അനുവദിക്കപ്പെട്ടിട്ടുള്ളത്. പദ്ധതിമാർഗ്ഗരേഖ പ്രകാരം സബ്സിഡിതുകയുടെ മൂന്നിൽ രണ്ട് വിഹിതം തദ്ദേശസ്ഥാപനവും മൂന്നിലൊന്ന് വിഹിതം ഫിഷറീസ്

വകുപ്പമാണ് വഹിക്കേണ്ടത്. അംഗീകരിക്കപ്പെട്ട പദ്ധതിയിലും ഫിഷറീസ് വകുപ്പിന്റെ വിഹിതം ഉൾക്കൊള്ളിച്ചിട്ടുള്ളതാണ്. എന്നാൽ പദ്ധതി നടപ്പാക്കിയപ്പോൾ വകുപ്പിന്റെ വിഹിതം ചെലവ് വന്നിട്ടില്ല എന്ന് കാണുന്നു. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 7 തീയതി 21.012.2023 ന് ലഭ്യമാക്കിയ മറുപടിയിൽ തുക അനുവദിച്ചിട്ടുണ്ടെന്നാണ് വ്യക്തമാക്കിയിട്ടുണ്ടെങ്കിലും രേഖകൾ ഹാജരാക്കിയിട്ടില്ല. പ്രസ്തുത രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2020-21 | ഓഡിറ്റിനോടൊപ്പം പരിശോധിച്ചു |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം

തൻവർഷം നിക്ഷേപ പ്രവൃത്തികൾക്ക് തുക ചെലവഴിച്ചിട്ടില്ല.ബാലൻസ് ഷീറ്റിൽ നാളിതുവരെ ക്രമീകരിക്കാത്ത മുൻകൂറായി വാട്ടർ അതോറിറ്റിയിൽ (460500201) 16,93,000/- രൂപയും ഇലക്ട്രിസിറ്റി ബോർഡിൽ (460500202) 22,45,021/- രൂപയും നീക്കിയിരിപ്പ് കാണിച്ചിട്ടുണ്ട്. മേൽ തുകകൾ ചെലവഴിക്കാതിരിക്കുന്നതിന്റെ വിശദീകരണം ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കേണ്ടതാണ്.

### 4-3 സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ട് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 1579000 | ലൈഫ് ഭവന നിർമ്മാണം (പദ്ധതി നമ്പർ-6/2021-22) | 1579000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 340000 | ലൈഫ് ഭവന നിർമ്മാണം (പദ്ധതി നമ്പർ-14/2021-22) | 340000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 263625 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് (പദ്ധതി നമ്പർ-36/2021-22) | 263625 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 25000 | സപ്ലിമെന്ററി ന്യൂട്രീഷ്യൻ പ്രോഗ്രാം(പദ്ധതി നമ്പർ-38/2021-22) | 25000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 379235 | ലിങ്ക് റോഡ് ടൈലിംഗ് വർക്ക്(പദ്ധതി നമ്പർ-172/2021-22) | 379235 | 0 |
| ബ്ലോക്ക് | 2021-22 | 221500 | സീഷോർ റോഡ് വർക്ക് | 221500 | 0 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | (പദ്ധതി നമ്പർ-173/2021-22) | | |
| | ആകെ | 2808360 | | 2808360 | |
| ജില്ലാ പഞ്ചായത്ത് | 2021-22 | 344324 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് (പദ്ധതി നമ്പർ-36/2021-22) | 344324 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 257400 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് (പദ്ധതി നമ്പർ-147/2021-22) | 257400 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 417018 | എൽ.പി.ജി റോഡ് മെയിന്റനൻസ്(പദ്ധതി നമ്പർ-217/2021-22) | 417018 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 869499 | സെബാസ്റ്റ്യൻ റോഡ് (പദ്ധതി നമ്പർ-229/2021-22) | 869499 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 854527 | മെയിൻ അഞ്ചുചിറ റോഡ്(പദ്ധതി നമ്പർ-216/2021-22) | 854527 | 0 |
| | ആകെ | 2742768 | | 2742768 | |

സുലേഖ പ്രകാരം ജില്ലാപഞ്ചായത്ത് വിഹിതം ചെലവ് 3034366/-രൂപയാണ്. എന്നാൽ ധനകാര്യപത്രിക പ്രകാരം 2742768/-രൂപയാണ്. വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുക നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ബാലൻസ് ഷീറ്റ് പ്രകാരം 2108385/- രൂപയാണ് തിരിച്ചടയ്ക്കാൻ ബാക്കിയുള്ളത്. ലോൺ രജിസ്റ്ററും എഴുതി സൂക്ഷിക്കുന്നില്ല.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC | ലഭ്യമാക്കിയില്ല | | 2827052 | 718667 | | 2108385 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 7,44,53,701 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 7,18,81,160 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |

| | | |
|---|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 19,38,757 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | ഇല്ല | ഇല്ല | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 2,50,000 | ഡോ ശാന്താ റാം, മെഡിക്കൽ ഓഫിസർ ഹോമിയോ, ഞാറക്കൽ ഗ്രാമപഞ്ചായത്ത് |
| 1-16 | 3,72,107 | ശ്രീമതി അനില,അസിസ്റ്റന്റ് എഞ്ചിനിയർ,ഞാറക്കൽ ഗ്രാമപഞ്ചായത്ത് |
| 1-17 | 7,67,940 | ശ്രീമതി അനില,അസിസ്റ്റന്റ് എഞ്ചിനിയർ,ഞാറക്കൽ ഗ്രാമപഞ്ചായത്ത് |
| 1-20 | 58,500 | ശ്രീ ദിമിത്രോവ്, അസിസ്റ്റന്റ് സെക്രട്ടറി സെക്രട്ടറി ഇൻചാർജ്ജ് |
| 1-21 | 77,133 | ശ്രീമതി സീന സെക്രട്ടറി |
| 1-24 | 20,000 | ശ്രീ ഉമേഷ് .ജി സെക്രട്ടറി |
| 1-25 | 12,500 | ശ്രീമതി ഗായത്രി.എം.വി സെക്രട്ടറി |
| 1-26 | 39,737 | ശ്രീ ദിമിത്രോവ്, അസിസ്റ്റന്റ് സെക്രട്ടറി (സെക്രട്ടറി ഇൻചാർജ്ജ് ) |
| 1-28 | 1,80,000 | ശ്രീ ദിമിത്രോവ്, അസിസ്റ്റന്റ് സെക്രട്ടറി (സെക്രട്ടറി ഇൻചാർജ്ജ് ) 130000/- ശ്രീമതി ഗായത്രി, സെക്രട്ടറി -50000/- |
| 1-29 | 1,60,840 | ശ്രീ ഉമേഷ് .ജി സെക്രട്ടറി |
| ആകെ | 19,38,757 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ ശാന്താറാം മെഡിക്കൽ | ഡോ ശാന്താറാം മെഡിക്കൽ ഓഫിസർ, | ശ്രീവിഹാർ, വെളിയത്താംപറമ്പ് |

| | | |
|---|---|---|
| ഓഫിസർ, ഹോമിയോ | ഹോമിയോ,ഞാറയ്ക്കൽ | നായരമ്പലം |
| ശ്രീ ദിമിത്രയോവ് കെ.ജി, അസി.സെക്രട്ടറി | സെക്രട്ടറി ഇൻ ചാർജ്, ഞാറയ്ക്കൽ ഗ്രാമപഞ്ചായത്ത് | പുത്തൻപുരയ്ക്കൽ പുതുവൈപ്പ് പി.ഒ, എറണാകുളം. |
| ശ്രീ ഉമേഷ് .ജി സെക്രട്ടറി | സെക്രട്ടറി മുളവ്കാട് ഗ്രാമപഞ്ചായത്ത് | 18/486A,വെമ്പ്രക്കാട്ട് വാട്ടർലാൻഡ് റോഡ് കൊച്ചി-6 |
| ശ്രീമതി ഗായത്രി സെക്രട്ടറി | സെക്രട്ടറി നായരമ്പലം ഗ്രാമപഞ്ചായത്ത് | 1/64A,KCRWA Club Road,ഗിരിനഗർ, കടവന്ത്ര-682020 |
| ശ്രീമതി അനില, അസിസ്റ്റന്റ് എഞ്ചിനിയർ | അസിസ്റ്റന്റ് എഞ്ചിനിയർ ഞാറയ്ക്കൽ ഗ്രാമപഞ്ചായത്ത് | പാടത്തറ ഹൗസ്,ചെറായി.പി.ഒ പിൻ-683514 |
| ശ്രീമതി സീന സെക്രട്ടറി | വിരമിച്ചു | പഴമടത്തിൽ വീട് പള്ളുരുത്തി,കൊച്ചി-13 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| | |
|---|---|
| 2000-01 | എൽ.എഫ്.ഇ.പി.3-942/04/17.9.04 |
| 2001-02 | എൽ.എഫ്.ഇ.പി.3-942/04/17.9.04 |
| 2000-01 (ചെലവ്) | എൽ.എഫ്.ഇ.പി.3-311/05/4.11.2005/4.1.06 |
| 2001-02 (ചെലവ്) | എൽ.എഫ്.ഇ.പി.3-312/05/4.11.05/4.1.06 |
| 2002-03 | എൽ.എഫ്.ഇ.പി.3-652/06/24.11.06/15.9.07 |
| 2003-04 | എൽ.എഫ്.ഇ.പി.3-653/06/24.11.06/ 15.9.07 |
| 2004-05 | എൽ.എഫ്.ഇ.പി.3-1396/07/24.11.06 /15.9.07 |
| 2005-06 | എൽ.എഫ്.ഇ.പി.3-1397/07/24.11.06 /15.9.07 |
| 2006-07 | എൽ.എഫ്.ഇ.പി.3-1398 /07/9.3.2010/9.6.10 |
| 2007-08 | എൽ.എഫ്.ഇ.പി.3-1743/08/16.7.09/5.10.09 |
| 2008-09 | എൽ.എഫ്.ഇ.പി.3-1670/11/10.4.12 /1.8.12 |
| 2009-10 | എൽ.എഫ്.ഇ.പി.3-1671(എ)/11/7.4.12/1.8.12 |
| 2010-11 | എൽ.എഫ്.ഇ.പി.3-21/12/10.2.12 /6.3.12 |
| 2011-12 | എൽ.എഫ്.ഇ.പി.3-250/14/11.3.14/9.4.2014 |
| 2012-13 | എൽ.എഫ്.ഇ.(പി.3/177/2015 തീയതി 16.02.2015 |
| 2013-14 | എൽ.എഫ്.ഇ.(പി.3/177/2015 തീയതി 16.02.2015 |
| 2014-15 | കെ.എസ്.എ-ഇ.കെ.എം(പി3)1132/2016 തീയതി 04.07.16 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം(പി3)1923/2016 തീയതി 04.12.16 |
| 2016-17 | കെ.എസ്.എ.ഇ.കെ.എം(പി-3)1759/2017 തീയതി 26-10-17 |
| 2017-18 | കെ.എസ്.എ.ഇ.കെ.എം(പി-3)20/2019തീയതി 15-07-19 |
| 2018-19 | കെ.എസ്.എ.ഇ.കെ.എം(പി-3)1695/2019തീയതി 5-11-19 |
| 2019-20 | കെ.എസ്.എ.ഇ.കെ.എം(പി-3)1936/2021/തീയതി 16-06-22 |
| 2020-21 | കെ.എസ്.എ.ഇ.കെ.എം(പി-3)1937/2021/ തീയതി 16-06-22 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ ഞാറയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ഞാറയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്